# HYDEL BULLET

Issue - 4, Vol - 12, May 2024

A Monthly Publication of the Kerala State Elecrictly Board Engineers' Association

*Editorial*

## The Big Woes

KSEBL is currently going through existential crisis in multiple fronts. Charting through the crisis requires top management skills along with lot of innovation. Identifying the major issues is the first step. Subsequently we need to formulate policies to address these.

Some of the major issues faced during this summer are the unprecedented growth in consumption, substantial peak power requirement and change in consumption pattern. Advent of solar and EV has completely disrupted the traditional scenario and KSEB is currently grappling in dark regarding how to obtain data regarding the various scenario. Only reliable and validated data regarding the different patterns can bring us to an effective study to formulate technical and other solutions for the same. Making matters worse, peak is shifting more towards midnight keeping the grid operators on their toes throughout the night.

*Cont... Page 3*





Unit meeting Ernakulam



Unit meeting Kottayam






Unit Meeting Kasaragod



**Er K.K. Gopalakrishnan Nair in the Council meeting of IEI held at Hosur, Tamil Nadu**

**വൈദ്യുതി മേഖലയിലെ ദേശീയ സംഘടനയായ ഓൾ ഇൻഡ്യ പവ്വർ എഞ്ചിനീയേഴ്സ് ഫെഡറേഷനിലേയ്ക്ക് കെ.എസ്.ഇ.ബി. എഞ്ചിനീയേഴ്സ് അസോസിയേഷനിൽ നിന്നും തിരഞ്ഞെടുത്ത പ്രതിനിധികൾ**



**ജോർജ് മാത്യു**
സെക്രട്ടറി



**നിഷാന്ത് ബി**
എക്സിക്യൂട്ടീവ് അംഗം



**ഷൈൻ സെബാസ്റ്റിൻ**
എക്സിക്യൂട്ടീവ് അംഗം

**KSEB Engineers' Association Office Bearers 2023 - 24**

**ASSOCIATION**

**President**
Er G Shaj Kumar

**Vice-Presidents**
Er Viji Prabhakaran (South)
Er Haripradad M (North)

**General Secretary**
Er M Muhammad Rafi

**Treasurer**
Er Anoop Vijayan

**Organizing Secretaries**
Er Nishanth B (South)
Er Sajithkumar M (North)

**Secretaries**
Er Kunjunni P S (HQ)
Er Induchoodan D R (South)
Er Shameer N (North)

**BENEVOLENT FUND**

**Chairman**
Er Jayasankar K R

**Vice Chairman**
Er Subha T G

**Secretary**
Er Haridas Vijayan

**Treasurer**
Er Pradeep S V

**Joint Secretaries**
Er Anoop A (South)
Er Smruthi M (North)

**EDITORIAL BOARD**

**Chief Editor**
Er Rajesh D S

**Associate Editors**
Er Mahesh T
Er. Sarath Dev
Er Divya Ramadas C
Er Preetha D

**Ex. Officio Members**
Er Induchoodan D R
Er Kunjunni P S

# HYDEL BULLET

(A Monthly Publication of the KSEB Engineers' Association)

Issue - 4 Vol - 12 May 2024

Changing consumption pattern is attributed to the climate change and extreme temperatures this year. But changing lifestyle also has contributed to this substantially. With increasing purchasing power, people are buying a lot of electrical appliances. Home automation has entered the Kerala market in a big way. Coupled with solar installations and with substantially reduced electricity bills, prosumers are enjoying the use of electricity by air conditioning the whole house and using it throughout the night. EV owners are installing solar at their house and KSEB is not getting benefit of the extra consumption by electric vehicles. All these together has brought KSEB into a difficult situation by which we are getting reduced revenue from solar installed consumers, but they are using substantially high energy throughout the night.

This has a detrimental effect to other consumers who have not yet installed solar. The high consumption of the prosumers during the night is forcing KSEB to buy high-cost power to cater to the increased consumption of these prosumers during night. These prosumers are paying zero/very low energy charges and KSEB is spending crores to cater these consumers with no revenue, even reduction in revenue. KSEB will have to increase the overall tariff if this continues which will again punish the non-solar consumers. Prosumers with low net consumption will escape from the impact of tariff increase. The ultimate result will be many more migrating to solar impacting the consumers who are not having solar. Policy makers shall address these issues which are drastically affecting the low paying consumer group as well as utility.

One of the ways out is introducing differential tariff across the spectrum of consumers. To begin with solar consumers shall be immediately brought under Time of Use Tariff. Association had earlier pointed out shift of peak in Kerala power system, to KSERC in one of the hearings in 2021 and had requested to change the time zones for differential tariff. KSEB should immediately move petitions in KSERC for changing the time zones citing the importance of the same. It is learnt that earlier petition of KSEB had a similar request. But we need to put it up again so that an immediate decision is obtained. Association is of the opinion that considering the internal consumption/ import (>500 units monthly) many of prosumers can be changed to ToD metering and regulations do not prevent this as on today. Meanwhile a revision petition may also be filed also for introduction of ToD tariff with a revised tariff structure reflecting the power purchase cost of each time zone.

Our current IT infrastructure need to completely reorient to the upcoming challenges immediately. Engineers in the field are having a torrid time with so many infrastructures at their disposal working over their technical limits or reaching the limits. Each of them is looking upon top management for a solution. Fruitful discussions are not happening and very few initiatives are being taken to address the lacunae. DTR metering is a must going forward. We already have an application MDAS(Meter data acquisition system) to aggregate the data of DTRs. This shall be expanded to cover all the DTR meters in the field. The system is not working due to the incorrect connections, lack of knowledge, focus and utter disregard maintenance of connected systems. All the officers upto DCE at field need to have a monitoring window of this application and can monitor the pattern of loading of transformers and plan accordingly.

It is very much regrettable to note that at this juncture, there is no marked intervention or confidence building from top management to ward off the crisis. Directors are greatly overloaded; many having charge of Chief Engineers and have only time to attend routine matters. Policy directions or issues have taken a backseat and since FTD discussions have long been stopped nothing meaningful is happening. The initiative regarding the procurement is making matters worse rather than adding any value. Association urge management and ministry to intervene immediately. It is also suggested that immediate steps are taken to see those studies be done up by collecting data of these emerging scenario. The issue is expected to be worse next year and KSEB need to frame policies substantially early for mitigating the bad effects.

Eventhough KSEB is financially weakened by the present crisis, the load dispatch team and supporting team has managed to hold the grid without any substantial interruption. They deserves special mention and big applause for aggregating the available resources and delivering a resilient grid during the crisis. This is a golden line in an otherwise dismal scenario. Hope we acquire substantial learning from the present crisis.

## CONTENTS


**01** – *Page 6*
*തീജ്വാല*
തുള്ളിയ്ക്കൊരു കുടം യൂണിറ്റ്
*Er എൻ.ടി. ജോബ്*

**02** – *Page 10*
മൂന്നു സബ്സ്റ്റേഷനുകളുടെ കഥ
*Er. കെ.പി. ഗോപാലകൃഷ്ണൻ*

**03** - *Page 12*
*സുഭാഷിതം*
സ്വാർത്ഥത പാടില്ല
*Er കെ. ശശിധരൻ*

**04** - *Page 14*
വൈദ്യുതി പ്രതിസന്ധിയും
പരിഹാരവും
*Er ഇ.എം. നസീർ*

**05**- *Page 16*
*(കവിത)*
സഹനാഗ്നിയിലെരിയുന്ന
വാർദ്ധക്യം
*Er സുരേഷ്കുമാർ*

**06** - *Page 17*
Selfie Culture
*Er Thomas Kolanjikombil*

**07** - *Page 19*
*കഥ*
ഏകാന്തതയുടെ
കഥാപുസ്തകം (ഭാഗം മൂന്ന്)
*Er അനീഷ് ഫ്രാൻസിസ്*

**08** - *Page 21*
*ഗാനമാധുരി* - **15**
സർപ്പസംഗീതം (ഭാഗം നാല്)
*Er പി.വി. പ്രമോദ്*

**09** - *Page 26*
*കോവിഡ് കാലവും*
*കാലികുപ്പിയും*
*Er ഹർഷകുമാരി*

**10** - *Page 28*
*Energy Briefs - 4*
*Er Subha T.G.*

**11** - *Page 30*
തായ്‌ലന്റ് ഒരു പൂക്കാലത്ത്
*Er അനിൽ കുമാർ ജി.*


**കവിത**

# ദിനാന്തം






**Er ഹനീഷ് എ.എസ്.**
*അസിസ്റ്റന്റ് എക്സിക്യുട്ടീവ്എഞ്ചിനീയർ*


മേഘ ബിംബങ്ങളിൽ ചാരുത തീർക്കുന്നു
സാന്ധ്യ സൂര്യന്റെ മറയുന്ന രശ്മികൾ
ജല തരംഗങ്ങളിൽ വർണ്ണമായിടുന്നു
പുളിനങ്ങളിൽ സ്വർണ്ണം വാരി വിതറുന്നു.

പുഴയുടെ തീരത്തെ ആറ്റുവഞ്ഞി പൂക്കൾ
കാറ്റിൽ തലയാട്ടി ചാഞ്ചാടി നിൽക്കുന്നു
കല്ലോല വീചിയിൽ താമര മൊട്ടുകൾ
ആനന്ദലാസ്യ നടനമാടീടുന്നു.

ഇരുളു വീഴുമ്മുൻപേ കൂടണഞ്ഞീടുവാൻ
പക്ഷികൾ കൂട്ടമായ് പാറിയകലുമ്പോൾ
സായന്തനമതിൻ നിമിഷ സൗന്ദര്യത്താൽ
ഭൂമിയിൽ സുന്ദര ചിത്രം വരയ്ക്കുന്നു.

പൂമണം കലരുന്ന കുളിർകാറ്റ് പുണരുമ്പോൾ
പാടാതിരിക്കുന്നതെങ്ങിനെയിന്നു ഞാൻ ?
ഏകാന്ത തീരത്ത് ഞാനെന്റെ സുന്ദര
ലോകത്തെ വീണ്ടും കാണാൻ തുടങ്ങുന്നു.

ഞാനും പ്രകൃതിയും ഭേദങ്ങളില്ലാതെ,
ഒന്നായലിയുന്ന ദിവ്യമാം വേളയിൽ
ക്ഷണിക ബന്ധങ്ങൾ തൻ ബന്ധനമില്ലാതെ
ആത്മാവ് നിറയുന്ന ശാന്തിയറിയുന്നു.




# തുള്ളിയ്ക്കൊരു കുടം യൂണിറ്റ്



*Er* **എൻ.ടി. ജോബ്**
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*
*ntjobthirur@gmail.com*

**ക**ടുത്ത വേനലാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. പീക്ക് സമയത്തെ ഡിമാന്റ് ഇതുവരെയുള്ള റെക്കോഡുകളെല്ലാം ഭേദിച്ച് അയ്യായിരത്തി അഞ്ഞൂറു മെഗാവാട്ടും കടന്നു പോയി. ഉപയോഗമാണെങ്കിൽ പ്രതിദിനം നൂറ്റി പന്ത്രണ്ട് മില്യൻ യൂണിറ്റിലുമെത്തി. ഇടയ്ക്കു വേനൽമഴ അനുഗ്രഹിച്ചിരുന്നതുകൊണ്ട് വർദ്ധനവ് ഒന്നു പിടിച്ചുനിറുത്തിയതു പോലെ നിന്നു. ഇലക്ഷൻ വർഷമായതു കൊണ്ട് എല്ലാവരുടെയും മുഖത്ത് വലിയ ടെൻഷനായിരുന്നു എങ്കിലും വളരെ നന്നായി തന്നെ മാനേജ് ചെയ്തു. ലോഡ്ഷെഡ്ഡിംഗ് നടത്താതെ പിടിച്ചുനിൽക്കുവാൻ പറ്റി. പീക്ക് സമയമെന്നത് രാത്രി പന്ത്രണ്ടുമണി വരെ നീണ്ടുപോയതാണ്, ഈ വർഷം പഠിപ്പിച്ചു തന്ന ഒരു പാഠം. മറ്റൊന്ന് പീക്ക് സമയങ്ങളിൽ വിതരണ ട്രാൻസ്ഫോർമറുകളിൽ ഫ്യൂസുകൾ പോകുന്നത് പലയിടത്തും പ്രശ്നങ്ങൾ സൃഷ്ടിച്ചു.

ഈ വേനലിലൂടെ കുറെയധികം പഠിക്കുവാൻ നൽകിയിട്ടാണ് വേനലു കടന്നുപോകുന്നത്. കഴിഞ്ഞ വർഷം അയ്യായിരം മെഗാവാട്ടായിരുന്നു പീക്ക് ഡിമാന്റ് എങ്കിൽ ഈ വർഷം പത്തുശതമാനം ഉയർന്ന്, അയ്യായിരത്തി അഞ്ഞൂറു മെഗാവാട്ടിലെത്തി, ഉപയോഗം കഴിഞ്ഞ വർഷത്തെ നൂറ്റി രണ്ടു മില്യൻ യൂണിറ്റിൽ നിന്നും പത്തു ശതമാനം കടന്ന് നൂറ്റി പന്ത്രണ്ടു മില്യൻ യൂണിറ്റ് വരെ പ്രതിദിനം ഉപയോഗം വന്നു.

അടുത്ത വേനലിലും ഇപ്പോഴുള്ളതിന്റെ പത്തുശതമാനം വർദ്ധനയോടുകൂടി ആറായിരം മെഗാവാട്ട് പീക്ക് ഡിമാന്റും പ്രതിദിനം ഉപയോഗം നൂറ്റി ഇരുപത്തിനാലു മില്യൻ യൂണിറ്റിലുമെത്തുമെന്നു തന്നെ പ്രതീക്ഷിക്കണം. അതിനുള്ള മുന്നൊരുക്കങ്ങൾ നടത്തിയേമതിയാവൂ.

സംസ്ഥാനത്തിനകത്തുനിന്നും കൂടുതൽ ജനറേഷൻ വരാൻ സാധ്യതയില്ലാത്തതുകൊണ്ട് പവർ പർച്ചേസ് തന്നെ ശരണം. ഒരു ദിവസം ആവശ്യമുള്ള വൈദ്യുതിയിൽ എൺപത്തിയാറു മില്യൻ യൂണിറ്റ് വരെ പുറമെനിന്നും വാങ്ങുകയാണ്. ഇനിയും അത് കൂടുക തന്നെ ചെയ്യും.

ഓരോ വർഷവും വേനലിന്റെ കടുപ്പം കൂടിക്കൊണ്ടിരിക്കുമ്പോഴും രണ്ടു കാര്യങ്ങളിൽ നമ്മുടെ മാനേജ്മെന്റ് നയങ്ങൾ പരിശോധിക്കേണ്ടിയിരിക്കുന്നു. ഒന്ന് സോളാർ പദ്ധതി

കളിൽ നിന്നും ലഭിക്കുന്ന വൈദ്യുതി ഉപയോഗിക്കുവാൻ കഴിയാതെ വേസ്റ്റ് ആക്കുന്നത്. രണ്ട് ജലവൈദ്യുത പദ്ധതി കളുടെ ഡാമുകളിലുള്ള വെള്ളം ഉപയോഗി ക്കാതെ പവർ പർച്ചേസ് കൂട്ടുന്നതിന് കാരണമാകുന്ന ചില കാൽവെയ്പ്പുകൾ.

വേനൽകാലത്ത് വെള്ളം മുഴുവനായും ഉപയോഗിക്കാതെയിരിക്കുന്നതിനും കാല വർഷം വൈകുകയാണെങ്കിൽ കരുതലായി കരുതാനും വേണ്ടി എല്ലാ മെയ് മുപ്പത്തിയൊന്നിനും എല്ലാ ഡാമുകളിലും കൂടി പത്തു ശതമാനം വെള്ളം ബാക്കിവെക്കണമെന്നാണ് പരമ്പരാഗതമായി കൈമാറി വരുന്ന ഒരു ധാരണ. നമ്മുടെ എല്ലാ ഡാമുകളിലെയും സംഭരണ ശേഷി കൂട്ടിയാൽ നാലായിരത്തി ഒരുനൂറ്റി നാല്പതു മില്യൺ യൂണിറ്റിനുള്ള സംഭരണ ശേഷിയാണുള്ളത്. അതിന്റെ പത്തു ശതമാനമെന്നുവെച്ചാൽ നാനൂറ്റിപ്പതിനാലു മില്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനു വേണ്ടി വരുന്ന വെള്ളം മിച്ചം പിടിക്കണമെന്ന് വിവക്ഷ... എന്നാൽ എന്തുകൊണ്ട് ഇത് പാലിക്കുന്നില്ലെന്ന് ചോദിക്കുമ്പോൾ നമ്മൾ വിചാരിക്കും വെള്ളം അധികം ഉപയോഗിക്കുന്നുണ്ടെന്ന്, എന്നാൽ സംഗതി കളുടെ കിടപ്പ് അങ്ങിനെയല്ല. നമ്മൾ മിച്ചം പിടിക്കേണ്ട വെള്ളത്തിനേക്കാൾ അധികം മിച്ചം പിടിക്കുന്നു. അതിനർത്ഥം കൂടതലായി മിച്ചം പിടിക്കുന്ന വെള്ളത്തിനും വേണ്ടി പവർ പർച്ചേസ് നടക്കുന്നു എന്നുള്ളിടത്താണ് വിശകലനം ആവശ്യം വരുന്നത്. നമ്മുടെ ഡാമുകളിലെ സ്റ്റോറേജ് കപ്പാസിറ്റി താഴെപ്പറയുന്ന പ്രകാരമാണ്.

| ഡാം | സ്റ്റോറേജ് *mu* |
|---|---|
| ഇടുക്കി | 2190 |
| പമ്പ | 59.46 |
| കക്കി | 856.467 |
| ഷോളയാർ | 152.065 |
| ഇടമലയാർ | 254.45 |
| കുണ്ടള | 22.738 |
| മാട്ടുപ്പെട്ടി | 161.234 |
| കുറ്റ്യാടി | 42.827 |
| തരിയോട് | 253.26 |
| ആനയിറങ്കൽ | 65.616 |
| പൊൻമുടി | 63.516 |
| നേര്യമംഗലം | 4.835 |
| പൊരിങ്ങൽ | 10.625 |
| ശെങ്കുളം | 0.71 |
| ലോവർ പെരിയാർ | 2.093 |
| കക്കാട് | 0.353 |
| **ആകെ** | **4140.252** |

ഇത്രയും മില്യൻ യൂണിറ്റ് സംഭരിക്കുന്നതിനുള്ള കപ്പാസിറ്റിയാണ് നമ്മുടെ ഡാമുകൾക്കുള്ളത്. ഒരു വർഷം ശരാശരി ആറായിരം മില്യൻ യൂണിറ്റിനും ഏഴായിരം മില്യൻ യൂണിറ്റിനുമിടയിൽ വൈദ്യുതിയാണ് ജല വൈദ്യുതി പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കുന്നത്. ഓരോ വർഷവും ഓരോ ഡാമും രണ്ടു പ്രാവശ്യം നിറയുന്നതിനുള്ള വെള്ളം നീരൊഴുക്കായി വരുന്നുണ്ടെന്നു ചുരുക്കം. ഇതിൽ തന്നെ ഓരോ ഡാമുകളിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്കും പ്രത്യേകത

യുണ്ട്. ഇടുക്കി ഡാമിൽ നിന്നും അഞ്ഞൂറു ലിറ്റർ വെള്ളം ഉപയോഗിച്ചാൽ ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാം. ഷോളയാർ ഡാമിൽ നിന്നാണെങ്കിൽ ആയിരത്തിയഞ്ഞൂറു ലിറ്റർ വെള്ളം വേണം. പെരിങ്ങൽകൂത്തു ഡാമിൽ നിന്നാണെങ്കിൽ രണ്ടായിരത്തിയഞ്ഞൂറു ലിറ്റർ വെള്ളം ഒരു യൂണിറ്റ് ഉല്പാദിപ്പിക്കുവാനാവശ്യം വരും. ഇടമലയാറിലേയ്ക്കെത്തുമ്പോൾ നാലായിരം ലിറ്റർ വെള്ളമുണ്ടെങ്കിലേ ഒരു യൂണിറ്റ് ഉല്പാദിപ്പിക്കുവാൻ സാധിക്കൂകയുള്ളു. അതുകൊണ്ട് വൈദ്യുതിയുടെ ആവശ്യവും വെള്ളത്തിന്റെ ആവശ്യകതയും തമ്മിൽ കൂട്ടികെട്ടിയുള്ള തന്ത്രങ്ങളാണ് ജലവൈദ്യുത പദ്ധതികളിൽ നിന്നും ആസൂത്രണം ചെയ്യുന്നത്.

ഇങ്ങിനെയുള്ള തന്ത്രങ്ങൾക്കിടയിൽ മറ്റുവല്ല തന്ത്രങ്ങളും കടന്നു കൂടുന്നുണ്ടോയെന്നാണ് സംശയം വരുന്നത്.

അങ്ങിനെയൊന്നുമുണ്ടാവില്ലായിരിക്കാം എന്നാൽ കാഴ്ചയിൽ അങ്ങിനെ ചിലതുകാണുന്നതാണ് പ്രശ്നം.

| | |
|---|---|
| ആകെ സംഭരണശേഷി | 4140 mu |
| 10 % | 414 mu |

ഓരോ വർഷവും മെയ് മുപ്പത്തിയൊന്നിന് ഡാമുകളിൽ മിച്ചം പിടിക്കേണ്ട വെള്ളത്തിന്റെ അളവാണ് ഇത്. കഴിഞ്ഞ ചില വർഷങ്ങളിൽ മെയ് മുപ്പത്തിയൊന്നിന് ഡാമുകളിൽ ബാക്കിയുണ്ടായിരുന്ന വെള്ളത്തിന്റെ അളവ്

| തീയതി | സ്റ്റോറേജ് | ശതമാനം |
|---|---|---|
| 31-05-2020 | 1029.16 mu | 24.8% |
| 31-05-2021 | 1377.418 mu | 33.27% |
| 31-05-2023 | 806.534 mu | 19.4% |
| 25-04-2024 | 1369.568 mu | 33.08% |

ഇപ്പോൾ ഡാമുകളിൽ ശേഷിക്കുന്നത് ആയിരത്തി മൂന്നൂറ്റി അറുപത്തിയൊമ്പത് മില്യൻ യൂണിറ്റിനുള്ള വെള്ളം. പ്രതിദിനം ഇരുപതു മില്യൻ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചാലും മുപ്പത്തിയേഴു ദിവസത്തേക്ക് എഴുന്നൂറ്റി നാല്പതു മില്യൻ യൂണിറ്റ് ഉല്പാദിപ്പിക്കുവാൻ സാധിക്കും അപ്പോഴും അറുന്നൂറ്റി മുപ്പതു മില്യൻ യൂണിറ്റിനുള്ള വെള്ളം മിച്ചമുണ്ടാവും. വേനൽക്കാലത്ത് പവർ എക്സ്ചേഞ്ചുകളിൽനിന്നുപോലും വൈദ്യുതി ലഭിക്കുന്നില്ലെന്ന വാർത്തകളും വലിയ വില കൊടുത്ത് വൈദ്യുതി വാങ്ങേണ്ടിവരുന്നു എന്നും കേട്ടുവരുന്ന നമുക്ക് വൈദ്യുതി ഉല്പാദിപ്പിക്കാതെ ഡാമുകളിൽ വെള്ളം മിച്ചം കിടക്കുന്നുവെന്നത് അത്ഭുതപ്പെടുത്തുന്ന കാര്യമാണ്. അധികമായി അഞ്ഞൂറുമില്യൻ യൂണിറ്റ് മിച്ചം പിടിക്കുമ്പോൾ വേനലിൽ അധികമായി അഞ്ഞൂറു മില്യൻ യൂണിറ്റ് ആവശ്യമില്ലാതെ പർച്ചേസ് ചെയ്തുവെന്നല്ലേ അർത്ഥം. ശരാശരി എട്ടുരൂപ കണക്കാക്കിയാൽ നാന്നൂറുകോടി രൂപയുടെ വൈദ്യുതി ആവശ്യമില്ലാതെ വാങ്ങിയെന്നല്ലേ മനസ്സിലാക്കുക.

ഈ മിച്ചം പിടിക്കുന്ന വെള്ളം ജൂണിലേക്കു കടക്കുമ്പോൾ അതിന്റെ വിലയിടിയുമെന്ന് എല്ലാവർക്കും അറിയാം. ചിലപ്പോൾ ശക്തമായ കാലവർഷം ഉണ്ടായാൽ ഡാമുകൾ തുറന്നുവിടേണ്ടതായും വരാം. വെള്ളപ്പൊക്കമുണ്ടായ വർഷം മെയ് മുപ്പത്തിയൊന്നിനു ഇരുപത്തിയഞ്ചുശതമാനം വെള്ളം ഡാമുകളിൽ മിച്ചമുണ്ടായിരുന്നുവെന്നതും കൂടി വായിക്കുമ്പോൾ പൂർണമാകും.

വേനൽക്കാലത്തുണ്ടാകുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിന്, മറ്റു സംസ്ഥാനങ്ങളിൽ നിന്നും സ്വാപ് അടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങാറുണ്ട്, ഇങ്ങിനെ വാങ്ങുന്ന വൈദ്യുതിക്കുപകരമായി ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ തിരിച്ചു നൽകുന്നു. ഇങ്ങിനെ നൽകുന്നതി

നാണ് വെള്ളം മിച്ചം പിടിക്കുന്നതെങ്കിൽ, സ്വാപ് അടിസ്ഥാനത്തിൽ വാങ്ങുന്നതിൽ കാര്യമില്ലല്ലോ. വേനൽക്കാലത്ത് ഉപയോഗിക്കാതെ വെള്ളം മിച്ചം പിടിക്കുന്നതിന് അതൊരു ന്യായീകരണമല്ലല്ലോ.

ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് ശരാശരി ഒരു രൂപയാണ് റെഗുലേറ്ററി കമ്മീഷൻ അനുവദിക്കുന്നത്. രണ്ടായിരത്തി ഇരുപത്തി രണ്ടു മുതൽ രണ്ടായിരത്തി ഇരുപത്തിയേഴു വരെയുള്ള താരിഫ് ഓർഡറിൽ കമ്മീഷൻ ജനറേഷനുവേണ്ടി അനുവദിച്ചിരിക്കുന്ന തുകകൾ ഇപ്രകാരമാണ്.

| | 2022-23 | 23-24 | 24-25 | 25-26 | 26 - 27 |
|---|---|---|---|---|---|
| അനുവദിച്ചതുക | 618.85 Cr. | 690.45 Cr. | 734.62 Cr. | 767.00 Cr. | 803.69 Cr. |
| ജനറേഷൻ | 6972.72 mu | 7077.12 mu | 7377.25 mu | 7272.28 mu | 7314.72 |
| ഒരു യൂണിറ്റിനു ്വരുനന്ന ചെലവ് | 1.13 രൂപ | 1.02 രൂപ | 1.00 രൂപ | 0.95 രൂപ | 0.91 രൂപ |

ഈ രീതിയിലാണ് ജലവൈദ്യുത പദ്ധതികളിൽ ഉല്പാദിപ്പിക്കുന്നതിന് റഗുലേറ്ററി കമ്മീഷൻ അനുവദിക്കുന്നത്. അതായത് ഒരു യൂണിറ്റിന് ഒരു രൂപ ശരാശരി വീതം. ആയതുകൊണ്ട് പരമാവധി ജല വൈദ്യുതിയുടെ ഉപയോഗത്തിനുവേണ്ടതായ ശ്രമങ്ങളാണ് വേണ്ടത്. കൂടുതൽ ജല വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങളും പകലുണ്ടാക്കുന്ന സോളാർ വൈദ്യുതി ഉപയോഗിക്കുന്നതിനാവശ്യമായ പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളും ബാറ്ററി സ്റ്റോറേജ് പദ്ധതികളും മുന്നോട്ടു കൊണ്ടുപോകണം. പ്രധാനമന്ത്രിയുടെ സൂര്യഘർ പദ്ധതികൂടി വരുന്നതോടുകൂടി സംസ്ഥാനത്തിനകത്തുല്പാദിപ്പിക്കുന്ന സോളാർ വൈദ്യുതി രണ്ടായിരം മെഗാവാട്ടിലേക്കുയരും. അതും കൂടി കണക്കിലെടുത്തു വേണം കാര്യങ്ങൾ ആസൂത്രണം ചെയ്യുവാൻ. നിലവിലുള്ള സംവിധാനമനുസരിച്ച് സോളാർ പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി, ബോർഡിന് ഉപകാരപ്പെടുന്ന രീതിയിലല്ല ക്രമീകരിച്ചിരിക്കുന്നത്, ഇതിനു മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. അതിനുള്ളള മാർഗങ്ങളും ഡാമുകളിൽ അവശേഷിക്കുന്ന വെള്ളത്തിന്റെ ശരിയായ ഉപയോഗവും ആസൂത്രണം ചെയ്ത് മുന്നോട്ടുപോകേണ്ടിയിരിക്കുന്നു.

✵

*"Condolences & prayers for the departed soul."*



**Er K. Parameswaran**
*Rtd.Deputy Chief Engineer*

## ഓർമ്മക്കുറിപ്പുകൾ

# മൂന്നു സബ് സ്റ്റേഷനുകളുടെ കഥ (ഭാഗം –1)



*കേരളത്തിലെ മൂന്നു പ്രധാന സബ് സ്റ്റേഷനുകളുടെ നിർമാണത്തിൽ നേരിട്ട പ്രതിസന്ധികളെക്കുറിച്ചാണ് ഈ ലേഖന പരമ്പര*

*Er. **കെ.പി. ഗോപാലകൃഷ്ണൻ***
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*

**1.** 66 **കെ.വി. സബ് സ്റ്റേഷൻ ടാറ്റാപുരം**

കൊച്ചി, ബാനർജിറോഡ്, കേരള ഹൈക്കോടതി ഭാഗങ്ങളിൽ അനുഭവപ്പെടുന്ന അതിരൂക്ഷമായ വോൾടേജ് ക്ഷാമവും വൈദ്യുതി തടസ്സവും കേരള ഹൈക്കോടതിയുടെ അതിരൂക്ഷമായ വിമർശനത്തിന് പ്രതിവിധി ആയിട്ടാണ് ടാറ്റ കമ്പനി സമീപത്തു ഒരു 66 കെ.വി. സബ്സ്റ്റേഷൻ നിർമിക്കാൻ തീരുമാനിച്ചത്. പക്ഷെ വർഷങ്ങളായി യാതൊരു പുരോഗതിയും ഇല്ല. വീണ്ടും വ്യാപാരികളും ഹൈക്കോടതിയും രൂക്ഷമായ വിമർശനവുമായി വന്നപ്പോൾ അടിയന്തിരമായി സബ് സ്റ്റേഷൻ നിർമ്മാണം തുടങ്ങാൻ തീരുമാനിച്ചു.

നിർമ്മാണം പുരോഗമിക്കവെ ലൈനിന്റെ നിർമ്മാണത്തിൽ തടസ്സവാദവുമായി ഒരു ഹൈക്കോടതി അഡ്വക്കേറ്റ് തന്നെ മുന്നോട്ട് വന്നു. അദ്ദേഹത്തിന്റെ ഭാര്യയായ മറ്റൊരു ഹൈക്കോടതി വക്കീലിന്റെ തെങ്ങിൻ തോപ്പിന്റെ മധ്യഭാഗത്തു കൂടിയാണ് ലൈൻ പോകുന്നത്. അൻപതിൽപരം നല്ല കായ്ഫലമുള്ള തെങ്ങുകൾ മുറിച്ചു മാറ്റണം. ഓരോ തെങ്ങിൽ നിന്നും ഓരോ തവണയും നൂറിൽ കൂടുതൽ നാളികേരം ലഭിക്കുന്ന തെങ്ങുകൾ; ശരിക്കും വമ്പിച്ച നഷ്ടം തന്നെ. ലൈൻ സർവ്വേചെയ്യുന്ന സമയം ഇവിടെ ഒരു തെങ്ങു പോലും ഉണ്ടായിരുന്നില്ല, അഞ്ചു വർഷംകൊണ്ട് വളർത്തിയെടുത്ത അതിഫലം തരുന്ന തെങ്ങുകൾ. ഒരുപ്രാവശ്യം തന്നെ ആയിരത്തിലധികം തേങ്ങകൾ കിട്ടും. അവരുടെ പ്രതിഷേധം സ്വാഭാവികമായിരുന്നു. പക്ഷെ റൂട്ട് തീരുമാനിച്ചു, അവസാന അപ്പ്രൂവലും കിട്ടിക്കഴിഞ്ഞാൽ പിന്നെ റൂട്ട് മാറ്റുക സാധാരണയല്ല .

അടുത്ത നടപടിക്രമം ജില്ലാ മജിസ്ട്രേട്ട് ആയ ജില്ലാ കളക്ടറെ സമീപിക്കുക എന്നതാണ്. പത്രങ്ങളിൽ വെണ്ടയ്ക്ക വാർത്ത. "എറണാകുളത്തെ പ്രശസ്തരായ ചില ഭൂ ഉടമകളുടെ എതിർപ്പുകാരണം ടാറ്റ സബ് സ്റ്റേഷൻ പണി മുടങ്ങുന്നു".

നിയമപ്രകാരം ഞാൻ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ആയ കളക്ടർ ശ്രീ. രാജനെ സമീപിച്ചു, രണ്ടു ഹിയറിങ് കഴിഞ്ഞു. കല്കറുടെ തീരുമാനം ഇങ്ങനെ ആയിരുന്നു; എന്നേക്കാൾ ഈ രംഗത്തു വിദഗ്ധനായ ചീഫ് എഞ്ചിനീയർ പഠിച്ചിട്ടാണ് ഫൈനൽ അപ്പ്രൂവൽ, അതിൽ ഇടപെടാൻ ഞാൻ കാരണം കാണുന്നില്ല.

ഈ തീരുമാനം അവർക്കു സ്വീകാര്യം ആയിരുന്നില്ല. അവർ വീണ്ടും എന്നെ സമീപിച്ചു .

'മറ്റൊരു പോംവഴിയും ഇല്ലേ സാറെ ?" ഞാൻ എന്റെ നിസ്സഹായാവസ്ഥ തുറന്നു പറഞ്ഞു .

അവർ മറ്റൊരു പോംവഴി പറഞ്ഞു.. 'തോപ്പിന്റെ നേരെ മധ്യഭാഗത്തുകൂടി പോകുന്ന ലൈൻ സൈഡിലേക്ക് മാറ്റിയാൽ ഒരു നല്ലശതമാനം തെങ്ങുകൾ രക്ഷപ്പെടും'. ഇക്കാര്യത്തിൽ എനിക്കൊന്നും ചെയ്യാൻ ഇല്ല, ചീഫ് എൻജിനീയർ ആണ് ഫൈനൽ അതോറിറ്റി, ഞാൻ പറഞ്ഞു നോക്കാം. ചീഫ് എൻജിനീയർ ശ്രീ.ജോൺ ടി.ജേക്കബ് സാറിനെ കണ്ടു കാര്യങ്ങൾ വിശദീകരിച്ചു.

രണ്ടുപേരും ഹൈക്കോടതിയിലെ സീനിയർ വക്കീലന്മാരാണ്. സുപ്രീം കോടതി വരെ പോകാൻ അവർതയ്യാറാണ്; വർഷങ്ങളോളം നീണ്ടുപോകും.

"ഞാൻ മന്ത്രി ശ്രീ ബാലകൃഷ്ണപിള്ള സാറുമായി ഒന്ന് സംസാരിച്ചു നോക്കട്ടെ"

'അവർ കോടതിയിൽ പോകുന്നെങ്കിൽ പോകട്ടെ; ലൈൻ മാറ്റേണ്ട കാര്യമില്ല. മന്ത്രിയുടെ പ്രതികരണം. അവർ നേരിട്ട് മന്ത്രിയെ സമീപിച്ചു. പ്രയോജനം ഒന്നും ഉണ്ടായില്ല. അവർ കോടതിയിൽ പോകാൻതന്നെ തീരുമാനിച്ചു. ഒരു പോംവഴിനിർദേശിച്ചു. വസ്തുവിന്റെ മധ്യത്തിൽ നിന്നും അൽപ്പം മാറ്റി ഒരു ടവർ കൂടി ഇട്ടാൽ ലൈൻ അതിൽകൂടി വലിച്ചാൽ എഴുപതു ശതമാനത്തോളം തെങ്ങുകൾ രക്ഷപ്പെടുത്താം.

ഞാൻ ഈ കാര്യം ചീഫ് എൻജിനീയറെ അറിയിച്ചു. അവർ രണ്ടുപേരും ഹൈക്കോടതിയിലെ സീനിയർ അഭിഭാഷകരാണ്. സുപ്രീം കോടതി വരെ പോകും.

'ഞാൻ മന്ത്രിയയെ കണ്ടു ഒന്നുകൂടി പറഞ്ഞു നോക്കാം" മന്ത്രി അർദ്ധ സമ്മതം മൂളി . പിന്നീട് കാര്യങ്ങൾ. അതിവേഗത്തിൽ ആയിരുന്നു. പണികൾ ശരവേഗത്തിൽ തീർന്നു, ഉദ്ഘാടനം അതി ഗംഭീരമായി നടത്താൻ തീരുമാനിച്ചു. പണികൾ അതി വേഗത്തിൽ തീർക്കാൻ പണിയെടുത്ത എല്ലാ ജീവനക്കാരെയും മന്ത്രി അങ്ങേയറ്റം അഭിനന്ദിച്ചു. കൂട്ടത്തിൽ ഒരു പ്രത്യേക പ്രഖ്യാപനവും പ്രത്യേക താല്പര്യമെടുത്തു റെക്കോർഡ് സമയത്തിൽ ഈ സബ് സ്റ്റേഷന്റെ പണി പൂർത്തിയാക്കുന്നതിൽ നേതൃത്വം നൽകിയ ടെക്നിക്കൽ മെമ്പർ ശ്രീ. കേശവ പിള്ളക്കും ചീഫ് എഞ്ചിനീയർ ശ്രീ.ജോൺ ടി. ജേക്കബിനും ഞാൻ ഒരു പ്രത്യേക പാരിതോഷികം പ്രഖ്യാപിക്കുകയാണ്. ഞാൻ ഉൾപ്പെടെ ഉള്ളവർ നീണ്ട കയ്യടി. എൻജിനീയറന്മാരുടെ കഴിവിനെ മന്ത്രി പരസ്യമായി അംഗീകരിച്ചിരിക്കുന്നു.

പക്ഷെ അടുത്ത പ്രഖ്യാപനം വന്നപ്പോൾ ഞാൻ തളർന്നുപോയി. ഈ രണ്ടുപേരുടെയും സേവനം ഒരുവർഷത്തേക്കു കൂടി നീട്ടികൊടുക്കുന്നതായി ഞാൻ പ്രഖ്യാപിക്കുന്നു.

രണ്ടുപേരും ഇന്ന് റിട്ടയർ ചെയ്യേണ്ടവർ ആണ്. ഞാൻ പ്രൊമോഷൻ ലിസ്റ്റിൽ ഒന്നാമനായി നിൽക്കാൻ തുടങ്ങിയിട്ട് നാലു വർഷങ്ങളായി. നാളെ പ്രൊമോഷൻ ഓർഡർ പ്രതീക്ഷിച്ചിരിക്കയാണ്. എന്റെ സഹപ്രവർത്തകർ എല്ലാം എനിക്ക് ഹൃദ്യമായ ഒരു യാത്രയയപ്പു സൽക്കാരം വരെ തയ്യാറാക്കിയിരിക്കയാണ്. റെക്കോർഡ് വേഗത്തിൽ സബ് സ്റ്റേഷൻ പണി തീർത്തതിന്റെ പാരിതോഷികം ടെക്നിക്കൽ മെമ്പർക്കും ചീഫ് എൻജിനീയർക്കും.

'അവർ രണ്ടുപേരും അതിനർഹതയുള്ളവരാണെന്നുള്ള കാര്യത്തിൽ എനിക്കും അഭിപ്രായ വ്യത്യാസമില്ല. പക്ഷേ കാത്തു കാത്തിരുന്ന. 14 വർഷങ്ങൾ... മീറ്റിങ് കഴിഞ്ഞപ്പോൾ കേശവപിള്ളസാറും, ജോൺടി. ജേക്കബ് സാറും എന്നെ അടുത്തുവിളിച്ചു അഭിനന്ദിക്കാൻ മടി കാണിച്ചില്ല. എന്റെ നഷ്ടം ഞാൻ അവരോടു പറഞ്ഞതുമില്ല.

ഉദ്ഘാടനത്തിന് അന്ന് മധ്യമേഖലാ ഡി.ഐ.ജി യും പ്രശസ്ത സാഹിത്യകാരനും ആയിരുന്ന ശ്രീ.എം. കൃഷ്ണൻ നായർ സാറിനെക്കൂടി ക്ഷണിക്കാൻ ഞാനാണ് മുൻകൈ എടുത്തത്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്ന്;

ഈ സബ്സ്റ്റേഷൻ റെക്കോർഡ് വേഗത്തിൽ പണിതീർത്ത എൻജിനീയർമാരെ ഞാൻ അഭിനന്ദിക്കുന്നു. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.ജേക്കബ് വർഗീസ് എന്റെ അടുത്ത സുഹൃത്ത് കൂടിയാണ്., അദ്ദേഹവുമായുള്ള ഒരു രസകരമായ അനുഭവം പറയട്ടെ. ഒരു ദിവസം അദ്ദേഹത്തെ ഫോൺ ചെയ്യുമ്പോൾ ഒരു ക്രോസ്സ് സംഭാഷണം. ഒരു ലേഡി എൻജിനീ യറുമായിട്ടാണ്. രണ്ടുപേർ തമ്മിൽ

## സുഭാഷിതം

# സ്വാർത്ഥത പാടില്ല



*Er കെ. ശശിധരൻ* (റിട്ട.)
കണ്ണൂർ

സ്വാർത്ഥത... എന്തിനും ഏതിനും എവിടെയും സ്വാർത്ഥത... കോവിഡ് മഹാമാരി നാശം വിതച്ചുകൊണ്ടിരിക്കുമ്പോഴും കേൾക്കുന്ന വാർത്തകൾ ഞെട്ടിപ്പിക്കുന്നതാണ്. ഒരു ആരോഗ്യപ്രവർത്തകൻ പറയുന്നത് കേട്ടു; അവർ ജീവൻ പോലും പണയപ്പെടുത്തി രോഗികളെ രക്ഷപ്പെടുത്തുവാൻ പാടുപെടുമ്പോൾ, അവശരായ തീരെ വയ്യാതെ രോഗികളെ തള്ളി മാറ്റി തനിക്ക് രോഗം ഉണ്ടോ എന്ന പരിശോധനക്ക് വേണ്ടി എല്ലാ മാനദണ്ഡങ്ങളും കാറ്റിൽ പറത്തി മുന്നിലേക്ക് കുതിക്കുവാൻ ബഹളം വെക്കുന്നവരെ കാണുമ്പോൾ ദുഃഖം തോന്നുന്നു. മറ്റുള്ളവരുടെ പ്രയാസങ്ങൾക്കൊന്നും ഇവർ ഒരു വിലയും കല്പിക്കുന്നില്ല. ഈ സ്വാർത്ഥത എല്ലാ മേഖലകളിലും കാണാം. വ്യാപാര സ്ഥാപനങ്ങൾ, ഓഫീസുകൾ, പൊതുയാത്ര വാഹനങ്ങൾ, എന്തിനധികം പറയുന്നു സ്വന്തം വീട്ടിൽ വരെ ഈ സ്വാർത്ഥത കാണാം. നാം ഇന്ന് അനുഭവിക്കുന്ന ഒട്ടുമിക്ക ദുരിതങ്ങൾക്കും കാരണം പലരുടെയും ഒടുങ്ങാത്ത സ്വാർത്ഥ മോഹമല്ലെ എന്ന് ചിന്തിച്ചാൽ മനസ്സിലാകുന്നതാണ്.

സ്വാർത്ഥതയും ധനമോഹവും ഒന്നിച്ചു ചേരുമ്പോൾ കൂടെ ഉള്ളവരെ പോലും മറക്കുന്ന ഒരു സമൂഹമായി നാം മാറി....

പലരും കേട്ടിരിക്കാവുന്ന ഒരു കഥയുണ്ട്. അത് ഇങ്ങനെയാണ്. സുഹൃത്തുക്കളായ രണ്ട് യുവാക്കൾ ഒന്നിച്ച് യാത്ര ചെയ്യുകയായിരുന്നു. നല്ല സൗഹൃദത്തിൽ തമാശകളും ലോക കാര്യങ്ങളും എല്ലാം ചർച്ച ചെയ്തായിരുന്നു യാത്ര. തമാശകൾ പറഞ്ഞ് നടക്കുന്നതിനിടയിൽ വഴിയിൽ ഒരു പേഴ്സ് കിടക്കുന്നത് അതിൽ ഒരാൾ കണ്ടു. അത് തുറന്ന് നോക്കിയപ്പോൾ അയാൾ അമ്പരന്നു. ലക്ഷക്കണക്കിന് രൂപ അതിൽ മടക്കിവെച്ചിരിക്കുന്നു. അയാൾ സന്തോഷംകൊണ്ട് തുള്ളിച്ചാടി. അയാൾ പറഞ്ഞു; ഞാൻ എത്ര ഭാഗ്യവാനാണ്. ഇനി ഈ ലക്ഷങ്ങൾ എന്റേത് തന്നെ." അപ്പോൾ കൂടെ ഉണ്ടായിരുന്ന മറ്റേ സുഹൃത്ത് പറഞ്ഞു: കൂട്ടുകാരാ.... എനിക്ക്

---

സംസാരിക്കുമ്പോൾ ഇടക്കുകയറി രഹസ്യമായി ശ്രദ്ധിക്കുന്നത് മര്യാദ അല്ലെന്നറിയാം. എങ്കിലും ഇവരുടെ സംഭാഷണം കേൾക്കാൻ രസമുള്ളതായിരുന്നു 'ഇങ്ങോട്ടൊന്നു വരണമെന്ന് പറഞ്ഞിരുന്നല്ലോ, എന്തേ താമസം'?

'സർ,ഞാൻ ഇവിടെ ലൂപ്പ് ഇടിച്ചുകൊണ്ടിരിക്കയാണ്. തീർന്നാലുടൻ വരാം. ഞാൻ ആകെ കൺഫ്യൂഷൻ ആയി. ജേക്കബ് വർഗീസിനെ വർഷങ്ങളായി അടുത്തറിയാം. ഈ ലേഡി എൻജിനീയറെയും അടുത്തറിയാം. സംശുദ്ധമായ സ്വഭാവശുദ്ധിയുള്ള അതിപ്രഗത്ഭയായ ഒരു യുവ എൻജിനീയർ. പിന്നെന്തേ ഇങ്ങനെ? ഞാൻ പോലീസ് ശൈലിയിൽ ത്തന്നെ ഒരു രഹസ്യ അന്വേഷണം നടത്തി. ഞാൻ തികച്ചും ജാളിതനായിപ്പോയി. കേബിൾ ഇടുമ്പോൾ ഒന്നോ രണ്ടോ വളയം കൂടുതൽ ഇടുന്നതിനാണ് ലൂപ്പ് ഇടുക എന്ന് പറയുന്നത്. സദസ്സിൽ ഇരുന്ന ജേക്കബ് വർഗീസ് സാറും ലേഡി എൻജിനീയറും ഉൾപ്പെടെയുള്ളവർ ഈ നർമ്മം ആസ്വദിച്ചു. *(തുടരും)*

പഴ്സ് കിട്ടി..ഞാനെത്ര ഭാഗ്യവാൻ എന്നു പറയാതെ... നമ്മൾക്ക് കിട്ടിയിരിക്കുന്നു നമ്മൾ ഭാഗ്യവാന്മാരായി എന്ന് പറയൂ... കാരണം നമ്മൾ സുഹൃത്തുക്കളും ഒരുമിച്ച് ഒരു ലക്ഷ്യത്തിലേക്ക് യാത്ര ചെയ്യുന്നവരും അല്ലേ... നമുക്ക് സന്തോഷം വന്നാലും സങ്കടം വന്നാലും അത് കൂട്ടായി പങ്കുവയ്ക്കുകയല്ലെ വേണ്ടത് ? അപ്പോൾ പേഴ്സ് കിട്ടിയ ആൾ പറഞ്ഞു; അത് ശരിയല്ല. ഞാൻ ആണ് ഇത് കണ്ടതും കൈക്കലാക്കിയതും. ഇത് എന്റേത് മാത്രമാണ്. ഇനി..”

മറ്റേയാൾ ഇത് കേട്ട് നിരാശനായി. അയാൾ ഒന്നും സംസാരിച്ചില്ല. പെട്ടെന്ന് കുറെ പേർ ആയുധങ്ങളുമായി വന്നു അവരെ തടഞ്ഞു. അവർ വിളിച്ചു പറഞ്ഞു ‘കള്ളൻ... കള്ളൻ... പിടിക്ക് അവനെ.. അതാ ആ പേഴ്സ് അവന്റെ കയ്യിൽ ഇരിക്കുന്നു.’’ വിടരുത് അവനെ...’

സുഹൃത്തുക്കൾ പരിഭ്രാന്തരായി. പേഴ്സ് ലഭിച്ച വ്യക്തി പറഞ്ഞു ‘നമ്മൾ വല്ലാത്ത പ്രശ്നത്തിൽ ആയല്ലോ. അവരുടെ കയ്യിൽ കിട്ടിയാലത്തെ നമ്മുടെ അവസ്ഥ എന്തായിരിക്കും. ??

അപ്പോൾ കൂട്ടുകാരൻ പറഞ്ഞു : നമ്മൾ എന്ന് പറയണ്ട... ഞാൻ കുഴപ്പത്തിൽ ആയല്ലോ അവരുടെ കയ്യിൽ കിട്ടിയാൽ എന്റെ അവസ്ഥ എന്താകും എന്ന് പറഞ്ഞാൽ മതി. ഭാഗ്യം വന്നപ്പോൾ പങ്കു വയ്ക്കാത്തവർ ദൗർഭാഗ്യം വരുമ്പോഴും ആരെയും കൂടെ പ്രതീക്ഷിക്കേണ്ടതില്ല” അനന്തരം അവിടെ എന്തു നടന്നു എന്നത് ഇവിടെ പ്രസക്തമല്ല.

ഈ കഥയിൽ പല സന്ദേശങ്ങളും നമുക്ക് കണ്ടെത്താം.

ഒന്ന്, ഒന്നിച്ച് നിൽക്കുമ്പോൾ എല്ലാം പങ്കുവയ്ക്കാൻ തയ്യാറാവണം എന്നതാണ്. എങ്കിൽ മാത്രമേ ദുരിതത്തിലും നമ്മോട് കൂടെ ആൾ ഉണ്ടാവൂ..

രണ്ട്, ആ പേഴ്സ് ഇവർ രണ്ട് പേരുടെയും അല്ല എന്നുള്ളതാണ്. അത് അതിന്റെ യഥാർത്ഥ ഉടമസ്ഥനെ കണ്ടെത്തി അവരെ അത് ഏൽപ്പിക്കുന്നതായിരുന്നു ഏറ്റവും വിശിഷ്ടമായ കാര്യം. വെറുതെ കുറച്ച് ധനം കിട്ടിയപ്പോൾ രണ്ട് പേരും ആ സത്കർമ്മം മറന്നു. സ്വാർത്ഥതയും ധനാഗ്രഹവും ഒത്തു വന്നപ്പോൾ കണ്ട അനർത്ഥമാണ് നാം അവിടെ കണ്ടത്. സ്വാർത്ഥതയും ദ്രവ്യാഗ്രഹവും കടന്നെത്തിയാൽ അത് നമ്മുടെ വ്യക്തിത്വം തന്നെ നശിപ്പിക്കും. അത് നമ്മെ ഒറ്റപ്പെടുത്തുകയും ചെയ്യും. കുടുംബ ബന്ധങ്ങളിൽ പോലും ഇത്തരം സ്വാർത്ഥത ശൈഥില്യം ഉണ്ടാക്കും. ധനമോഹമാണ് എല്ലാ തിന്മകളുടെയും താഴ്വേര്.

സ്വയം കഷ്ടപ്പെട്ടാലും അന്യർക്ക് നന്മ ചെയ്യുവാനുള്ള നല്ല മനസ്സിന്റെ ഉടമകളാകുവാൻ ശ്രമിക്കുക. ഈ ദിനാരംഭത്തിൽ നമുക്കേവർക്കും അതിനായി പ്രാർത്ഥിക്കാം.

**SCAN to download previous editions of Hydel bullet**

The Chief Editor
**Hydel Bullet**
KSEB Engineers’ Association,
Panavila
Thiruvananthapuram - 01
Phone : 0471 - 2330696
hydelbulletin@gmail.com
**7012117197, 9495600714**

# വൈദ്യുതി പ്രതിസന്ധിയും പരിഹാരവും



*Er ഇ.എം. നസീർ*
*എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)*

സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. അതിന് ദശാബ്ദങ്ങളുടെ പഴക്കമുണ്ട്. ബന്ധപ്പെട്ടവർ ഗൗരവത്തോടെ ഈ പ്രശ്നത്തിനെ കൈകാര്യം ചെയ്യാതെപോയി. അതാണ് കാര്യങ്ങൾ ഇന്നത്തെ നിലയിൽ കൊണ്ടു ചെന്നെത്തിച്ചത്. കപട പ്രകൃതി സ്നേഹി കളുടെ താളത്തിനൊത്ത് തുള്ളിയതിനാൽ പല വൻകിട ജലവൈദ്യുത പദ്ധതികളും നമുക്ക് നഷ്ടമായി. ഫലം, കടുത്ത വൈദ്യുതി ക്ഷാമം.

കുടിവെള്ളം, കാർഷികാവശ്യങ്ങൾ, ഏറ്റവും കുറഞ്ഞ ചെലവിൽ ഉല്പാദിപ്പിക്കാ മായിരുന്ന ജല വൈദ്യുതി തുടങ്ങിയ സുപ്രധാന ആവശ്യങ്ങൾക്ക് പ്രയോജന പ്പെടുമായിരുന്ന ധാരാളം മഴവെള്ളം വർഷകാലത്ത് ലഭിച്ചിരുന്നതാണ്. ആർക്കും പ്രയോജനപ്പെടാതെ അത് പാഴായി ഒഴുകി കടലിൽ ലയിച്ചപ്പോൾ ഒട്ടും കുറ്റബോധമോ നഷ്ടബോധമോ ഇല്ലാതെ നാം നോക്കി നിന്നതേയുള്ളു.

ഉൾവനങ്ങളിൽ കൂടുതൽ ജലാശയങ്ങളും ജല സംഭരണികളുമുണ്ടായിരുന്നെങ്കിൽ പ്രകൃതിയുടെ ഭാഗമായ വന്യമൃഗങ്ങൾക്ക് കുടിക്കാനും ശരീരം തണുപ്പിക്കാനും അവ ഉപകരിക്കുമായിരുന്നു. വേനൽക്കാലത്ത് വന്യമൃഗങ്ങൾ ഉൾവനങ്ങളിൽ നിന്ന് ജനവാസമേഖലകളിലെത്തി നാശനഷ്ടങ്ങൾ സൃഷ്ടിക്കാതെ വനങ്ങൾക്കുള്ളിൽ ഒതുങ്ങി ക്കഴിയുമായിരുന്നു.

ഈ ലേഖനം തയ്യാറാക്കുമ്പോൾ സംസ്ഥാനത്ത് വൈദ്യുതിയുടെ പ്രതിദിന ഉപയോഗം ക്രമാതീതമായി വർദ്ധിച്ച് അതിന്റെ സർവ്വകാല റെക്കോർഡിലാണ്. അത് പതിനൊന്ന് കോടി യൂണിറ്റ് കടന്നിരിക്കുന്നു. രാത്രികാല ഉപഭോഗത്തോത് 5493MW ൽ എത്തി. സൗരോർജ്ജ പ്ലാന്റുകളിലൂടെ ഉപഭോ ക്താക്കൾ സ്വയം ഉല്പാദിപ്പിച്ച് ഉപയോഗി ക്കുന്ന വൈദ്യുതിയുടെ കണക്കുകൂടി ചേരു മ്പോൾ യഥാർത്ഥ ഉപഭോഗം പ്രഖ്യാപിക്ക പ്പെട്ടതിനെക്കാൾ ഉയർന്നിരിക്കും.

കൂടിയ വിലയ്ക്ക് പുറത്തുനിന്ന് വൈദ്യുതി വാങ്ങി വിതരണം ചെയ്യുന്നതി നാൽ പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഒഴിവാകു ന്നുവെന്ന് ആശ്വസിക്കാം. കൊടുംവേനലിലും നാം പിടിച്ചു നിൽക്കുന്നുവെന്ന് ആണയിട്ട് മേനി നടിക്കാമെന്നേയുള്ളു. ഫലപ്രദമായ പരിഹാരം ഏറെ അകലെയാണെന്നതാണ് വസ്തുത.

കുറഞ്ഞ നിരക്കിൽ കൂടിയ അളവിൽ ജലവൈദ്യുതി ഉല്പാദിപ്പാക്കമെന്നിരിക്കെ കൃത്രിമ വൈദ്യുതിക്ഷാമം സൃഷ്ടിച്ച് കൂടിയ വിലയ്ക്ക് പുറത്തു നിന്നുള്ള വൈദ്യുതി വാങ്ങി ജനങ്ങളിൽ അടിച്ചേൽപ്പിക്കുന്നതിൽ ദുരുഹത യുണ്ടെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റം പറയാനാകില്ല.

ഇന്നത്തെ സാഹചര്യത്തിൽ, ഉപഭോഗം കുറയ്ക്കുകയും ഉല്പാദനം കൂട്ടുകയുമാണ് പരിഹാര മാർഗ്ഗം. ഊർജ്ജ സംരക്ഷണത്തി നുള്ള ബോധവൽക്കരണവും തുടരണം. ഇതുപറയുമ്പോൾ നമ്മുടെ ഗ്രാമങ്ങളിലെ തെരുവുവിളക്കുകളുടെ കാര്യം കൂടി പറയാതെ വയ്യ. ഉദ്യോഗസ്ഥരും, പൊതുപ്രവർത്തകരും ജനപ്രതിനിധികളും പ്രകൃതിസ്നേഹികളും കാൺകെയാണ് രാത്രികാലങ്ങളിൽ പ്രകാശി ക്കാത്ത തെരുവുവിളക്കുകളിൽ പലതും പകൽ സമയത്ത് മുടക്കമില്ലാതെ പ്രകാശിച്ചുകൊണ്ടി രിക്കുന്നത്. വൈദ്യുതി ബോർഡിൽ പരാതി പ്പെട്ടാൽ, പഞ്ചായത്തിന്റെ ഉത്തരവാദിത്വം എന്നാകുംമറുപടി. പഞ്ചായത്തിൽ പറഞ്ഞാൽ ഉത്തരവാദിത്വം ബോർഡിന്റെ തലയിൽ കെട്ടിവയ്ക്കും. അനുഭവത്തിന്റെ വെളിച്ചത്തി ലാണ് ഇക്കാര്യം ഇവിടെ സൂചിപ്പിക്കുന്നത്. അനാസ്ഥയുടെ ഈ തുടർക്കഥ കുറേക്കാ

ലമായി കണ്ടുവരുന്നു. നല്ല കാര്യക്ഷമതയും, ഉത്തരവാദിത്വ ബോധവും, ഊർജ്ജ സംരക്ഷണവും!!!.

മുടങ്ങിക്കിടക്കുന്നതും മന്ദഗതിയിൽ തുടരുന്നതുമായ ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ ജോലികൾ എത്രയും വേഗം പൂർത്തിയാക്കണം, പ്രകൃതി സ്നേഹികളുടെ എതിർപ്പുമൂലം ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ പുനർ വിചിന്തനത്തിന് വിധേയമാക്കി പുനരുജ്ജീവിപ്പിക്കണം. അങ്ങനെ നമ്മുടെ ജലവൈദ്യുതോൽപ്പാദന സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തണം.

കപട പ്രകൃതി സ്നേഹികളെ കടിഞ്ഞാണിടാതെ നമുക്ക് പിടിച്ചു നിൽക്കാനാകില്ല, മുന്നോട്ടുപോകാനാകില്ല എന്ന വസ്തുത നാം തിരിച്ചറിഞ്ഞേ തീരു. വൈദ്യുതി പ്രതിസന്ധിയുടെ തുടക്ക കാലത്ത് പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഏർപ്പെടുത്തിയത്, തദ്ദേശ നിർമ്മിതവും ഇറക്കുമതി ചെയ്യപ്പെട്ടതുമായ ചെറു ജനറേറ്ററുകളുടെ വ്യാപാരം പൊടിപൊടിക്കാനിടയാക്കി. അവയുടെ പ്രവർത്തനം പ്രകൃതിക്ക് ഹാനികരമാണെന്നറിയാമായിരുന്നിട്ടും പ്രകൃതി സ്നേഹികൾ കൗശലത്തോടെയുള്ള മൗനത്തിലായിരുന്നു. പ്രകൃതിക്ക് ഹാനികരമായ വാഹനപ്പെരുപ്പത്തിന്റെയും എയർ കണ്ടീഷനറുകളുടെ വ്യാപകമായ ഉപയോഗത്തിന്റെയും കാര്യത്തിൽ പോലും ഇവർ എപ്പോഴും നിദ്രയ്ക്ക് സമാനമായ തന്ത്രപരമായ മൗനത്തിലാകും.

മായം കലർന്ന പ്രകൃതി സ്നേഹത്തിന്റെ 'ചെമ്പ് തെളിയേണ്ട' കാലം എന്നേ കഴിഞ്ഞതാണ്. പരിസ്ഥിതി വകുപ്പിൽ ഇപ്പോഴുള്ളവരും വിരമിച്ചവരുമായ ഉദ്യോഗസ്ഥർ ജോലി സമ്പാദിച്ചത് പി.എസ്.സി.യിലൂടെ നേർവഴിയിലൂടെയാണോ എന്നും, മറിച്ച്, തങ്ങൾക്ക് പാകമാകുന്ന എന്തെങ്കിലും യോഗ്യത തട്ടികൂട്ടിയെടുത്ത് താൽക്കാലിക നിയമനം, കരാർ നിയമനം തുടങ്ങിയ മുടന്തൻ സിദ്ധാന്തങ്ങളിലൂടെയാണോ വളഞ്ഞ വഴികളിലൂടെയാണോയെന്നും അതിനുശേഷം സ്വാധീന ശക്തിയിലാണോ അധികാര സ്ഥാനങ്ങളിലെത്തി ശീതീകരിച്ച മുറികളിലിരുന്നു കൊണ്ട് പ്രകൃതിയെ സംരക്ഷിച്ചു വരുന്നതെന്നും പൊതു സമൂഹം അറിയേണ്ടതായിട്ടുണ്ട്.

പരിസ്ഥിതി വാദികൾ പ്രകൃതിയ്ക്ക് കൂടുതൽ ഹാനികരമായ സ്വകാര്യ വാഹനങ്ങളും എയർക്കണ്ടീഷണറുകളും ഉപയോഗിക്കാത്തവരും, വളരെ കറച്ചുമാത്രം വൈദ്യുതി ഉപോയോഗിക്കുന്ന ആദർശ ശുദ്ധിയുള്ളവരുമാണോ എന്നും അറിയാനുള്ള അവകാശം പൊതുസമൂഹത്തിനുണ്ട്. മേൽസൂചിപ്പിച്ച വിവരങ്ങൾ, വൈദ്യുതിബോർഡിലെ സംഘടനകൾ വിചാരിച്ചാൽ നിഷ്പ്രയാസം ശേഖരിച്ച് പുറത്തുവിടാവുന്നതേയുള്ളു. വൈദ്യുതി ബോർഡിന്റെ നിലനിൽപ്പിന് അതാവശ്യവുമാണ്. സമൂഹത്തിലെ കള്ളനാണയങ്ങളുടെ മുഖംമൂടികൾ പിച്ചിചീന്തി പൊയ്മുഖങ്ങൾ അനാവരണം ചെയ്യപ്പെടേണ്ടത് കാലഘട്ടത്തിന്റെ ആവശ്യവുമാണ്.

സംസ്ഥാനത്ത് ഏറ്റവും കുറഞ്ഞ ചെലവിൽ ലഭിച്ചുവരുന്ന ജലവൈദ്യുതിയുടെ ഒരു നിശ്ചിതഭാഗം ഗാർഹിക ഉപഭോഗത്തിന് മാത്രമായി നിജപ്പെടുത്തണം. അത് എല്ലാ ഗാർഹിക കണക്ഷനുകൾക്കും തുല്യമായി വീതിച്ചുനൽകാനുള്ള നടപടികൾ ഉണ്ടാകണം. അതിന്റെ ഉല്പാദന ചെലവനുസരിച്ച് നിരക്കും നിശ്ചയിക്കാം. ഇതിൽ കൂടുതലായി വേണ്ടി വരുന്ന വൈദ്യുതിയ്ക്ക് പുറത്തുനിന്ന് കൂടിയ വിലയ്ക്ക് വാങ്ങുന്ന നിരക്കും ഏർപ്പെടുത്താം. ഉപഭോക്താക്കളുടെ വൈദ്യുതി ബില്ലിൽ ജല വൈദ്യുതിയുടെ അനുവദിക്കപ്പെട്ട അളവും അതിന്റെ യഥാർത്ഥ വിലയും പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം. ഇതിൽ കൂടുതൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് അതിന്റെ അളവും കൂടിയ വിലയും പ്രത്യേകമായിത്തന്നെ പറഞ്ഞിട്ടുണ്ടാകണം. രണ്ടും കൂടി കൂട്ടിക്കുഴച്ചുള്ള നിരക്കു നിർണ്ണയം വസ്തുതകൾ ബോദ്ധ്യപ്പെടാൻ ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കും. വിലയുടെ അന്തരം ബോധ്യമാകുമ്പോൾ ജലവൈദ്യുത പദ്ധതികളെ തടയുന്നവർക്കെതിരെ ധാർമ്മിക രോഷം ഉയരും, പരിസ്ഥിതി വാദികൾ ഒറ്റപ്പെടും, ഭാവിയിൽ അത് നാടിന് ഗുണം ചെയ്യും. മറ്റുമാർഗ്ഗങ്ങളിലൂടെ നമുക്ക് കുറഞ്ഞ ചെലവിൽ യഥേഷ്ടം വൈദ്യുതി ലഭ്യമാകുന്നതുവരെ പിടിച്ചു നിൽക്കണമെങ്കിൽ പിടിവാശിയോടുകൂടിയ വീര്യമുള്ള മറുമരുന്ന് തന്ത്രങ്ങൾ കപട പരിസ്ഥിതി വാദികൾക്കെതിരെ പ്രയോഗിച്ചേ തീരു.

# കവിത സഹനാഗ്നിയിലെരിയുന്ന വാർദ്ധക്യം



*Er സുരേഷ്കുമാർ*
*എക്സിക്യൂട്ടീവ് എൻജിനീയർ*

**വാ**ഴ് വിൻ പഥങ്ങളിലലഞ്ഞും തിരിഞ്ഞും
വാഴുന്നതും വീഴുന്നതും കണ്ടൊടുവിലീ
വൃദ്ധസദനത്തിന്റെ വരാന്തയിലെത്തി
വിധിനിയോഗത്തിന്റെ മാറാപ്പുമായി!
കെട്ടിമുറുക്കിയ ഭാണ്ഡമഴിച്ചിത്തിരിനേരം
ഗാർഹസ്ഥ്യ,യൗവ്വന,കൗമാര,ബാല്യങ്ങൾ
തൻദൃശ്യങ്ങൾ കണ്ടോട്ടെ ഞാൻ.
കൊച്ചുകൈകളെൻനേർക്കു നീട്ടി ചെമ്മെ
പിച്ചവെച്ചനാളിലുമടിതെറ്റാതെ പയ്യെ-
പ്പിന്നിട്ട വഴികളെത്ര, കഷ്ടം! മറക്കുവാ-
നെന്നെയുമെത്രമേലെളുതായി !
മടുത്തു! ഞാനിനി യാത്രനിർത്താം
കിടപ്പൂ ചെടിപ്പില്ലാതെ മുന്നിലേറെ ദൂരം
തനിച്ചുവേണം താണ്ടുവാൻ, നേരട്ടെ
നിങ്ങൾക്കാശംസകൾ, പണ്ടെന്റെയനുഗാമി!
ഇന്നെന്നെയീ രാത്രിസത്രത്തിലെത്തിച്ചു
പിന്നിലേക്കോടുന്ന വഴിയോരദൃശ്യങ്ങൾ-
ക്കിപ്പോഴുമെന്തിത്ര മിഴിവെന്നോർത്തു!
വിടപറയാതെ വിമൂകം വേർപിരിയുമ്പോ-
ളടുത്തപോലെത്ര നാമകന്നെന്നറിയാ -
നളവുകോലില്ലാതെയുഴറുന്നുവോ പ്രജ്ഞ ?
ആളിപ്പടരുന്നോ നെഞ്ചകം നീറ്റിയാ
ചുടുനെടുവീർപ്പിൻ പാവകജ്വാലകൾ?
കൊളുത്തിവലിക്കും പിൻവിളികൾ നോവിക്കേ,
പരിചിതഭാവത്തിലിന്നലെകൾ ചിരിക്കേ
നിറംമങ്ങിയ മറുചിരിയിലീ ഞാനും.
ഒപ്പമുണ്ടായിരിക്കുമെന്നെപ്പൊഴും
നിനച്ചോരിഷ്ടാത്മാവുമിടയ്ക്കെപ്പൊഴോ
നഷ്ടമായ്, വിധാതാവിൻ ഹിതമതാവാം!
പഴയപോലല്ല , കേൾക്കുവെൻ പായാരം
പ്രിയസ്മരണകൾക്കും പതിയെ
പ്രായമേറുന്നുണ്ടിന്നെന്നെപ്പോലെ,
എത്തേണ്ടിടത്തെത്തുവാനിനി
യൊട്ടു ദൂരം,അല്പനേരമത്രമാത്രം
കാത്തിരിക്കാം നമുക്കാ സുനിമിഷം !
നടതള്ളിയെന്നെ തനിച്ചാക്കിയോർമ്മകൾ
നടക്കാവിലുമീവൃദ്ധമന്ദിരത്തിൻ ചുറ്റിലു-
മൊളിച്ചുകളിക്കുന്നു, കൂടെക്കുതിക്കുവാ-
നിളവേല്ക്കുവാനെത്ര മോഹിപ്പൂ ഹൃത്തടം!
കുത്തിനോവിക്കാനൊപ്പം കൊതിപ്പിക്കാ-
നിത്തിരിദൂരമൊളിപ്പിച്ചാസന്നമൃത്യു -
വൂർദ്ധശ്വാസം വലിച്ചുകിടക്കുന്നോ?
പിന്നിട്ടപാതകളനന്തമപാരമിവിടെ ഞാനും!
ചുറ്റുമുണ്ടിപ്പോഴഞ്ചാറുപേരവർക്കു -
മുണ്ടാകാം കഥകളിതുപോൽ, വ്യഥയരുത് !
കൂട്ടിനുണ്ടഴലിൻ നിഴൽപോലനാഥ,രല്ലിവർ
വീട്ടിലേയ്ക്കുള്ള വഴിമറക്കേണ്ട സനാഥർ
വീടിനിയീ മഹാപ്രപഞ്ചമായ് മാറേണ്ടവർ,
പാടെ മറന്നെന്നു മനസ്സിലെഴുതേണ്ടവർ!
ഏതുനാരായത്തിൻ മുനയാലെഴുതിയീവിധം
പുതുപുരാണത്തിൻവൃദ്ധപർവ്വം മായാതെ,
വായിച്ചുതീരുംമുമ്പൊരു വിഷാദപർവ്വമായ്
താളുകൾ തിരിച്ചുമറിക്കാനാവാതെ,
ചരടുമുറുക്കാനുമരുതാതെ സഗദ്ഗതം.
നിനവുകൾ നിറംമങ്ങി, യീമിഴി രണ്ടിലും
നിഴൽപ്പാടകൾ വന്നുമൂടുമ്പൊഴും
കാഴ്ചകൾക്കപ്പുറം തിരശ്ശീല മാറുമ്പൊഴും
വീഴ്ചകളല്ല, ഹാ! തിരയുന്നു ഞാനിപ്പൊഴും
മറന്നുവച്ചൊരൂന്നുവടി,വിറകൊണ്ടതിന്നഗ്രം
പിടിക്കാനുഴലുന്നു ശുഷ്ക്കഹസ്തങ്ങൾ.
ഭാണ്ഡത്തിലുണ്ടെന്റെ മനസ്സിലുമോർക്കവെ
നോവുണർത്തും പിന്നെപ്പുഞ്ചിരി വിടർത്തും
പോയകാലത്തിന്റെയിത്തിരി പൊടിപ്പൊട്ടുകൾ !
വൻതണലിന്നോളം വീശിയൊടുവിൽ
പടുമരമായൊരീ പഴമനസ്സിനെപ്പുരമേൽ
ചാഞ്ഞകൊമ്പായ് നിനച്ചതെന്തേ വൃഥാ?
സഹനാഗ്നിയിൽ നീറിച്ചാരമായ്ത്തീരിലും
മോഹഭരിതമാത്മാവെരിഞ്ഞടങ്ങുമോ?
ഉരുകിയൊലിച്ചു തീരുംമുമ്പൊരുമാത്ര
ഹാ! ഊതിക്കെടുത്തിയെങ്കിലീ ജന്മം,
അരുതെന്നുടനാത്മഭാവത്തെ ശാസിപ്പു
തിരിനീട്ടുമാർദ്രമാം നിസ്വാർത്ഥഭാവം.
ഒരുകൈയാലെ പടിയിറക്കുംവാഴ്വിനെ
മറുകൈയാൽ വാരിപ്പുണരുന്നു ഗാഢം.
ഉത്തരമില്ലാത്ത ചോദ്യങ്ങൾ നിത്യം
പഠിപ്പിച്ച ജീവിതാനുഭവങ്ങളെ, സ്വസ്തി.
സ്വയമുരുകിയെരിഞ്ഞെത്രമേൽ വാത്സല്യ-
പ്പൊൻകിരണങ്ങളീപ്പാരിൻ നെറുകയിൽ-
നീളെപ്പൊഴിച്ചാലും ദിനാന്തവേളയിൽ വിൺ
സൂര്യനസ്തമിക്കാനുള്ളൂ നിയോഗം !
കത്തിയെരിയുമ്പോഴും സൂര്യഹൃദയമപരനു
വെളിച്ചമേകുമതാണാത്മസുഖ,മതത്രേ ധന്യം.

# SELFIE CULTURE

*Er Thomas Kolanjikombil*
Maramon.

In this age of smart phones and social media selfies have become part of our routine. We compete each other in clicking selfies. This ubiquitous snap shots offer people of all ages an opportunity to express themselves and showcase their life style. Beneath this seemingly harmless activity of capturing and posting the self portrait, lies a darker reality ; the influence of social media on our body images. Social media has revolutionised the way young express themselves. People, especially young women, spend hours perfecting their selfies. Whether we love it or loathe it, selfie culture has undeniably reshaped beauty standards and left an indelible mark on how we perceive ourselves.

Selfie or self portrait photograph is, typically taken by us with a digital camera for posting in social media networks. Selfies can be empowering as it shows off our creativity, express our true self, our moments of joy, achievements, etc, thus can give a boost to our self esteem and dopamine hit, when we get positive feedback from our friends and well wishers.

The flip side of our selfie is that, generally become unhappy seeing it, as it does not match with the image of us we see in the mirror. Reports from American Accademy of Facial Plastic and Reconstructive Surgeons revealed that patients who want surgeries to improve their selfies are on the increase. (This epidemic may catch India soon). Selfie shots, indeed distort our face and make it lopsided. This is attributable to the combination of camera lens and the angle at which shot is taken. The standard distance for a portrait to be taken is five feet. Selfie camera are skewing what we see, doesn't show the real us. What are we trying to portrait through our selfies?, projecting ourselves as celebrities. By making six different faces in selfies, will we become, 'the most wanted person in waiting' for the public?. The allure of perfection on social media creates a stark contrast between facade and reality. The ever increasing advances in technology has aided it, with wide spread use of editing tools and photo manipulation, perpetuating an unattainable standard of beauty. Continuous exposure to these unrealistic beauty ideals, fuelled the feeling of insecurity and self doubt fostering a culture of self loathing.

Selfies may seem harmless but can have negative consequences to teens in combination with social media, like diminished self esteem and other harmful behaviour disorders. The term **'selfitis'** is used for the syndrome of 'Obsessive and compulsive' desire to take selfies and post on social media. The American psychiatric association has officially confirmed that selfitis is a mental disorder. Taking photographs by oneself and posting them on social media more

than six times a day is termed as chronic selfitis. Selfitis is closely related to narcissism = the habit of excessive interest or admiration of oneself and one's physical appearance. To a certain degree a small dose of narcissism is healthy. It can help to foster a positive self image, feeling dignity in one's achievements and having balanced interest in their appearance. But when matters go beyond, 'feeling pride in accomplishments, reaction to how others perceive them, etc', its pathological narcissism and needs professional intervention. People with lots of Facebook friends are more likely to be narcissists. Narcissists are mostly selfish, unruly, have inability to take criticism, unilateral listening, reluctance to take responsibility, get easily annoyed, etc.

People always look to express themselves differently from others. Selfie is greater tool for this purpose. People who are isolated from family and society may be more addicted to it.

Constantly seeking validation through likes and comments on social media platforms, individuals become increasingly focused on their appearances and personal images. This preoccupation with self can lead to shallow relationships as we prioritise our online persona over real. When we compare our lives and appearances with others, that lead to, feeling of inadequacy, low self esteem and even depression. Compulsive habit of documenting every aspect of life can erode privacy and lead to misunderstanding in relationships. Partners may feel neglected when we are prioritising selfies over genuine engagement in real life experiences. Instead of fully engrossed in events and enjoying it, we are preoccupied with capturing perfect for social media. The prevalence of selfies has led to a decline in genuine social interactions, there by loosing meaningful connections. This weakened the very fabric of society.

Excessive selfie taking has been linked to various psychological impacts. The pressure to present flawless image online can create unrealistic beauty standards, which can negatively impact self perception, especially in youth. It can lead to distracted behaviour. Youth are seen resorting to risky and dangerous ways for taking selfies, like, while driving, over train, in dangerous locations putting their life and lives of others at risk.

It is essential to strike a balance, recognising potential and pitfalls of selfie culture. Some suggestions are :- set time limit for using social media, try to balance our online life with real life fun and interactions, when social media make us feel stressed and anxious, take a break and do things that lift our mood, follow accounts that inspire and motivate us, use selfies as a way to express us in an articulate way, don't try to fit into someone else's idea of beauty, remember that our worth is not defined by the likes and comments we get, focus on loving and accepting ourselves, use this platform to connect with others in a meaningful way.

Selfies has become an intrinsic part of modern society. It is cardinal for us to find a happy medium between capturing moments and genuinely living them.

കഥ

# ഏകാന്തതയുടെ കഥാപുസ്തകം (ഭാഗം മൂന്ന്)



## 'ഏകാന്തത പെരുമ്പാമ്പിനെപ്പോലെയാണ്'

*Er.* **അനീഷ് ഫ്രാൻസിസ്**
അസിസ്റ്റന്റ് എഞ്ചിനീയർ

ഏതാനും വർഷങ്ങൾക്ക് മുൻപ് ഒരു സ്തീ എന്നെ കാണാൻ വന്നു. ധനികയായ ഒരു ഡോക്ടർ. അവർ വിവാഹമോചിതയായിരുന്നു. ഈ പാറപ്പരപ്പിനരികിൽ വീട് വച്ച് തനിയെ താമസിക്കണമെന്ന് എനിക്ക് ആഗ്രഹം തുടങ്ങിയ കാലമായിരുന്നു അത്. തനിച്ചു താമസിക്കാനും ധ്യാനിക്കാനും ചെറിയ വീട്. എന്തിനും പണം വേണമല്ലോ. എന്നെക്കുറിച്ച് കേട്ടറിഞ്ഞു ഈ സ്ത്രീ എന്നെ വന്നു കണ്ടു. ആദ്യ വിവാഹത്തിൽ അവർക്കൊരു പെൺകുട്ടി ഉണ്ടായിരുന്നു. ആ കുഞ്ഞിന് ആറോ ഏഴോ വയസ്സുള്ളപ്പോഴാണ് ഇവരുടെ വിവാഹം വേർപിരിഞ്ഞത്. കുട്ടിയെ കോടതി ഇവർക്ക് വിട്ടുകൊടുത്തു. ഇടയ്ക്കിടെ കുഞ്ഞിനെ കാണാനുള്ള ഭർത്താവിന്റെ അവകാശം ഒക്കെ കാറ്റിൽ പറത്തി ഇവർ കുട്ടിയുമായി വിദേശത്തേയ്ക്ക് കടന്നു. പിന്നീട് വർഷങ്ങൾ വിദേശത്ത് കഴിഞ്ഞു. ഇവർക്ക് സ്വന്തം കുഞ്ഞിനെ ജീവനായിരുന്നു. അപ്പനും അമ്മയുമുള്ള ഒരു കുഞ്ഞിന് ലഭിക്കുന്ന സ്നേഹം റോസാപ്പൂവാണെങ്കിൽ, അമ്മ തനിച്ചു വളർത്തുന്ന കുഞ്ഞിനു ലഭിക്കുന്നത് രക്തം കിനിയുന്ന ഒരു റോസാപ്പൂവാണ്. അമ്മയ്ക്കും മോൾക്കുമിടയിൽ പ്രശ്നങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. എങ്കിലും പത്തു പതിനാലു വയസ്സുമുതൽ മകൾ അമ്മയിൽനിന്ന് അകന്നു തുടങ്ങി. കോളേജ് കാലമായപ്പോഴേക്കും അവൾ അമ്മയിൽ നിന്ന് പൂർണ്ണമായി അകന്നു. ഒടുവിൽ അമ്മയ്ക്ക് ഇഷ്ടമില്ലാത്ത ഒരു പ്രണയ ബന്ധം തുടങ്ങിയ മകൾ ഭർത്താവുമായി മറ്റൊരു രാജ്യത്തിലേക്ക് പോയി. വർഷങ്ങൾ തനിച്ചു ജീവിച്ച അമ്മ ഒടുവിൽ നാട്ടിലേയ്ക്ക് തിരികെ വന്നു. അവർക്ക് അവളുടെ മകളെ വീണ്ടും കാണണം. പക്ഷേ അതത്ര എളുപ്പമുള്ള കാര്യം ആയിരുന്നില്ല.

'എനിക്ക് എന്റെ ആറു വയസ്സുള്ള മകളെയാണ് വേണ്ടത്. അവളെ മതി എനിക്ക്.അവൾ മുതിർന്നപ്പോൾ എന്റെ മകളല്ലാതെ മറ്റാരോ ആയി മാറി. എനിക്ക് ആറു വയസ്സുള്ള എന്റെ കുഞ്ഞിനെ വീണ്ടും കാണണം, ഓമനിക്കണം. അതിനുവേണ്ടി എന്തു ചെയ്യാനും ഞാൻ ഒരുക്കമാണ്. എത്ര പണം വേണമെങ്കിലും ഞാൻ ചെലവാക്കാം; അവർ പറഞ്ഞു.

ഞാൻ ആദ്യം ശക്തമായി എതിർത്തു. എന്നാൽ അവർ കടന്നുപോകുന്ന മാനസിക ക്ലേശം ഒരു തെറാപ്പിയിലൂടെ പരിഹരിക്കാൻ കഴിയുന്നതല്ലെന്ന് മനസ്സിലായതോടെ ഞാൻ അവരെ സഹായിക്കാൻ തീരുമാനിച്ചു. വിദേശത്തുനിന്ന് സ്വായത്തമാക്കിയ മാന്ത്രിക വിദ്യകൾ ഞാൻ ദിവസങ്ങളോളം പഠിച്ചു. ആ കർമ്മത്തിനായി അവരുടെ മകളുടെ ആറേഴു വയസ്സുള്ള കാലത്തെ ഒരു ചിത്രം ആവശ്യം ഉണ്ടായിരുന്നു. നിർഭാഗ്യവശാൽ അവരുടെ കയ്യിൽ ഫോട്ടോ ഒന്നും ഉണ്ടായിരുന്നില്ല. എന്നാൽ ഒരു ചിത്രം അവരുടെ ഭർത്താവിന്റെ കയ്യിൽ ഉണ്ടെന്ന് അവർ മനസ്സിലാക്കി. എന്നാൽ രണ്ടു പേരും ബന്ധം പിരിഞ്ഞതുകൊണ്ട് അവർക്ക് ആ ചിത്രം കൈക്കലാക്കുക എളുപ്പമായിരുന്നില്ല.

അവശേഷിക്കുന്ന ഒരേ ഒരു ചിത്രം ഉപയോഗിച്ചായിരുന്നു കർമ്മം ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഈ കർമ്മം ചെയ്ത ശേഷവും ഫോട്ടോകൾ എവിടെയെങ്കിലും ഉണ്ടെങ്കിൽ പല അപകടങ്ങൾ ഉണ്ടായേക്കാം. ഫോട്ടോയിലുള്ള വ്യക്തി മരണപ്പെട്ടില്ലെങ്കിൽ മരിച്ചേക്കാം. അല്ലെങ്കിൽ അതിന്റെ ഉടമ മരിച്ചേക്കാം. ഒന്നും പറയാൻ കഴിയില്ല.

അവർ എങ്ങിനെയൊക്കെയോ മുൻ ഭർത്താവിന്റെ കൈവശം ഉണ്ടായിരുന്ന ചിത്രം കൊണ്ടുവന്നു തന്നു. അത് ഒരു പെയിന്റിംഗായിരുന്നു. അത് ഭർത്താവറിയാതെ ലഭിക്കാൻ അവർ ധാരാളം പൈസ മുടക്കി എന്ന് എനിക്ക് മനസ്സിലായി. പക്ഷേ ഞാൻ കൂടുതൽ ചികഞ്ഞില്ല. ഫോട്ടോകൾ ഒരിടത്തുമില്ല എന്നവർ ഉറപ്പിച്ചു പറഞ്ഞു. ഞാൻ എത്ര പിന്തിരിപ്പിക്കാൻ ശ്രമിച്ചിട്ടും അവർ ഉറച്ചു നിന്നു. ഒടുവിൽ ഞാൻ അവർക്ക് വേണ്ടി ആ മാന്ത്രിക കർമം ചെയ്തു. അത് ഫലിക്കുകയും ചെയ്തു.

എല്ലാ രാത്രിയിലും അവർ ആറു വയസ്സുള്ള മകളെ സ്വപ്നം കണ്ടു.

സ്വപ്നത്തിൽ അവർ ആറു വയസ്സുള്ള മകളെ വീണ്ടും തൊട്ടു. അവളുടെ ഗന്ധം അറിഞ്ഞു. തലോടി. ഉമ്മ വച്ചു. ഓമനിച്ചു. സ്നേഹിച്ചു.

രാത്രി നീളെ അവർ ആ സ്വപ്നം കണ്ടു. അവർ ഉറങ്ങുകയായിരുന്നില്ല. അവർ ആ സ്വപ്നത്തിൽ ഉണർന്നു ജീവിക്കുകയായിരുന്നു.

പകൽ അവർ കിടന്നുറങ്ങി. അവരുടെ വിശപ്പും ദാഹവും നഷ്ടപ്പെട്ടു.

മുതിർന്നപ്പോൾ തന്നിൽ നിന്നകന്നുപോയ മകളോടുള്ള വെറുപ്പ് അവരിൽ നിന്ന് മാഞ്ഞുപോയി. എന്തിന്, അവരുടെ മുതിർന്ന മകളെന്ന വ്യക്തിയുടെ കാര്യംപോലും അവർ മറന്നുപോയി. അവരെ സംബന്ധിച്ചു സ്വപ്നത്തിൽ അവർ കാണുന്ന ആറു വയസ്സുള്ള കുട്ടി മാത്രമായി അവരുടെ യഥാർത്ഥ മകൾ.

ആദ്യമാദ്യം അവർ എന്നെ കാണാൻ വരുമായിരുന്നു. സ്വപ്നത്തിൽ തന്റെ മകളെ തിരിച്ചുതന്ന എന്നോട് അവർക്ക് വലിയ നന്ദിയായിരുന്നു. അതിനുവേണ്ടിയാണ് അവർ ഈ കുന്നും പാറപ്പരപ്പും വാങ്ങി അതിനടുത്ത് ഈ വീട് എനിക്ക് നിർമ്മിച്ച് തന്നത്. ഞാൻ വേണ്ടെന്നു പറഞ്ഞിട്ടും അവർ സമ്മതിച്ചില്ല.

'സിസ്റ്റർ ഇനിയും സ്വപ്നങ്ങൾ ഉണ്ടാക്കണം. സ്വപ്നത്തിലാണ് ശരിക്കും സ്നേഹമുള്ളത്.'

അവർ എന്നോട് പറഞ്ഞു.

ഓരോ വരവിലും അവർ മെലിഞ്ഞുകൊണ്ടിരുന്നു. എങ്കിലും അവരുടെ കണ്ണുകളിലെ തിളക്കം കൂടിവന്നു. പകലും രാത്രിയിലും സ്വപ്നത്തിൽ ജീവിക്കുന്ന ഒരു അമ്മയുടെ കണ്ണുകളായിരുന്നു അത്.

ഒരു ദിവസം നേരം പുലർന്നയുടനെ അവർ എന്നെ കാണാൻ വന്നു. രാത്രിയിൽ അവർ ഉറങ്ങിയില്ല എന്ന് തോന്നി.

'ഇന്നലെ, ഇന്നലെ ഞാനാ സ്വപ്നം കണ്ടില്ല.'

അവർ പറഞ്ഞു.

'അങ്ങിനെ വരാൻ വഴിയില്ല. വേറെ ഫോട്ടോ ഉണ്ടായിരുന്നില്ല എന്നുറപ്പല്ലേ ?'

അതെ, എന്റെ അറിവിൽ ഇല്ല.അവർ പറഞ്ഞു.

ഞാൻ അകത്തുപോയി പുസ്തകങ്ങൾക്കിടയിൽ സൂക്ഷിച്ചിരുന്ന ആ ബാലികയുടെ ചിത്രം എടുത്തു നോക്കി. ആ ചിത്രത്തിലെ പെൺകുട്ടിയുടെ മുഖം അപ്രത്യക്ഷമായിരുന്നു. എന്നാൽ ആ ചിത്രത്തിൽ പുതിയ ഒരാൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നത് ഞാൻ കണ്ടു. ഇതുവരെ കണ്ടിട്ടില്ലാത്ത ഒരു അപരിചിതൻ. ഇനി അതവരുടെ ഭർത്താവ് ആയിരിക്കുമോ?

ആ ചിത്രം കണ്ടാൽ അവർ ഭയക്കും എന്ന് കരുതി ഞാനവരെ അത് കാണിച്ചില്ല.

'നിങ്ങളുടെ ഭർത്താവിന്റെ ഫോട്ടോ വല്ലതും കയ്യിലുണ്ടോ ?' ഞാൻ അവരോട് ചോദിച്ചു.

ഒരു തമാശ കേട്ട മട്ടിൽ അവർ എന്നെ നോക്കി ചിരിച്ചു. പിന്നെ ഇല്ലെന്ന മട്ടിൽ തലയാട്ടി.

'എന്റെ മകൾ എന്നിൽനിന്ന് അകന്നുപോയതിന്റെ കാരണം എനിക്ക് മനസ്സിലായി സിസ്റ്റർ.' ഇറങ്ങുന്നതിനു മുൻപ് അവർ എന്നോട് പറഞ്ഞു.

'സ്നേഹം. അവളെ എനിക്ക് മാത്രമായി എന്നും വേണമെന്ന വിഷം പോലെയുള്ള സ്നേഹം.'

നേരം പുലർന്നു വരുന്നതെ ഉണ്ടായിരുന്നുള്ളു. ഇരുട്ട് പൂർണ്ണമായും മാറിയിരുന്നില്ല. മഴ തൂളുന്നുണ്ടായിരുന്നു. സാരിത്തലപ്പുകൊണ്ട് തല മൂടി പാറപ്പരപ്പിലൂടെ അവർ നടന്നു നീങ്ങുന്നത് ഞാൻ നോക്കി നിന്നു. അന്നായിരുന്നു ഞാൻ അവരെ അവസാനമായി കണ്ടത്.

## ഗാനമാധുരി - 15

# റംസാനും ചന്ദ്രക്കലയും സ്വർണം കെട്ടിയ ചിരിപോലെ പെരുന്നാൾ പിറയും



*Er പി.വി. പ്രമോദ്*
എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഇസ്ലാമിക വിശ്വാസമനുസരിച്ച് പ്രപഞ്ചനാഥന്റെ നിശ്ചയമാണ് വിശ്വാസികൾക്ക് നിർണ്ണയിക്കപ്പെട്ട ആരാധനകൾ . മനുഷ്യനും സ്രഷ്ടാവും തമ്മിലുള്ള ആത്മബന്ധത്തിൽ നിന്നാണത്രെ ആരാധനകൾ ഉടലെടുത്തത്. വ്യത്യസ്ത രൂപത്തിലുള്ള ആരാധനകൾ അനുഷ്ഠിക്കുന്നതിലൂടെ വിശ്വാസിയുടെ മാനസികവും സാമൂഹികവുമായ ജീവിത വിശുദ്ധി കൈവരിക്കപ്പെടുന്നു എന്നതാണ് ഇസ്ലാം മതത്തിന്റെ കാഴ്ചപ്പാട്. സ്നേഹവും സഹവർത്തിത്വവും ധാർമ്മികതയും നിറഞ്ഞ ഒരു സമൂഹവും ലോകവും രൂപപ്പെടുകയാണ് ആരാധനയിലൂടെയും വ്രതാനുഷ്ഠാനത്തിലൂടെയും ഇസ്ലാം ലക്ഷ്യംവയ്ക്കുന്നത്.

ഇസ്ലാമിന്റെ പഞ്ചസ്തംഭങ്ങൾ (അഞ്ചു തൂണുകൾ) എന്ന് വിശേഷിപ്പിക്കപ്പെടുന്നത് വിശ്വാസ പ്രഖ്യാപനം, ദിവസേന അഞ്ചു നേരമുള്ള നിസ്കാരം, സമ്പത്തിൽ മിച്ചമുണ്ടാകുമ്പോൾ നൽകുന്ന സക്കാത്ത്, റമദാൻ മാസം മുഴുവനുള്ള വ്രതം, സാദ്ധ്യമായാൽ ജീവിതത്തിലൊരിക്കൽ ഹജ്ജ് എന്നിവയാണ്. ഇസ്ലാമിക ആരാധനകളുടെ കാലവുംസമയവും കണക്കാക്കുന്നത് ചാന്ദ്രമാസം അനുസരിച്ചുള്ള ഹിജ്റ കലണ്ടറിന്റെ അടിസ്ഥാനത്തിലാണ്.

**ഹിജ്റ കലണ്ടർ**

ലോകത്ത് സാർവത്രികമായി ഉപയോഗിക്കുന്നത് സൂര്യനെ അടിസ്ഥാനമാക്കിയ ഗ്രിഗോറിയൻ കലണ്ടറാണ്. വർഷത്തിൽ 365 ദിവസങ്ങളുള്ള ഈ കലണ്ടർപ്രകാരമുള്ളതാണ് ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങൾ. എന്നാൽ ചന്ദ്രനെ അടിസ്ഥാനമാക്കിയും കലണ്ടറുണ്ട്. അത്തരമൊരു കലണ്ടറാണ് ഇസ്ലാമിക കലണ്ടർ. 12 മാസങ്ങളുള്ള ഈ കലണ്ടറിൽ മാസങ്ങൾക്ക് പരമാവധി 30 ദിവസങ്ങളെയുള്ളൂ. ഏതാനും മാസങ്ങളിൽ 29 ദിനങ്ങൾ മാത്രവും. ഓരോ മാസത്തിലും ചന്ദ്രപ്പിറവിയുടെ (New Moon) അടിസ്ഥാനമാക്കിയാണ് ദിവസങ്ങൾ 29/30 എന്ന് തീരുമാനിക്കുന്നത്. അങ്ങിനെ വർഷത്തിൽ 354/355 ദിവസങ്ങളുള്ള ഇസ്ലാമിക് കലണ്ടറിൽ ഗ്രിഗോറിയൻ കലണ്ടറിനെ അപേക്ഷിച്ച് 11 ദിവസങ്ങൾ കുറവായിരിക്കും.

മുഹമ്മദ് നബി ഖുറൈശികളുടെ ആക്രമണത്തിൽ നിന്നു രക്ഷപ്പെടാൻ മക്കയിൽ നിന്നും മദീനയിലേക്ക് പലായനം ചെയ്ത വർഷത്തെ അടിസ്ഥാനമാക്കിയാണ് ഇസ്ലാമിക കലണ്ടർ ആരംഭിക്കുന്നത്. ക്രിസ്തു വർഷം 622 ലായിരുന്നു 'ഹിജ്റ' എന്ന പേരിൽ അറിയപ്പെട്ട ഈ പലായനം. അതിനാൽ ഈ കലണ്ടറിനെ ഹിജ്റ കലണ്ടർ എന്നു വിശേഷിപ്പിക്കുന്നു. ഹിജ്റ കലണ്ടർ പ്രകാരമുള്ള 12 മാസങ്ങളാണ് മുഹറം, സഫർ, റബീയുൽ അവ്വൽ, റബീയുൽആഖിർ , ജമാദുൽഅവ്വൽ, ജമാദുൽ ആഖിർ, റജബ്, ശബാൻ, റമദാൻ, ശവ്വാൽ, ദുൽഖദ്, ദുൽഹജ്ജ് എന്നിവ. ഹിജ്റ കലണ്ടറിലെ ഒന്നാമത്തെ മാസമാണ് മുഹറം. യുദ്ധം നിഷിദ്ധമായ മാസം, ഹജ്ജ് കഴിഞ്ഞ് ജനങ്ങൾ തിരിച്ചെത്തുന്ന ഘട്ടം എന്നിവ പരിഗണിച്ചാണ് മുഹറം ഒന്നാമതായത്.

ഇസ്ലാമിക അനുഷ്ഠാനങ്ങളുടെ സമയം കണക്കാക്കുന്നത് ചന്ദ്രപിറവി (മാസപ്പിറവി) അനുസരിച്ചാണ്. ചന്ദ്രക്കല നിരീക്ഷിച്ചു കൊണ്ടാണ് ഇതു മനസ്സിലാക്കുന്നത്. അവസാനത്തെ ചന്ദ്രക്കലയെ നിരീക്ഷിച്ചാൽ അടുത്ത ദിവസം അമാവാസിയും പിറ്റേ ദിവസം പുതുമാസത്തിലെ ആദ്യ തീയതിയും ആയിരിക്കും.

**റമദാൻ മാസം**

ഹിജ്റ വർഷ പ്രകാരം ഒമ്പതാമത്തെ മാസമാണ് റമദാൻ അഥവാ റംസാൻ. പ്രവാചകൻ മുഹമ്മദ് നബിക്ക് ആദ്യമായി വെളിപാട് (നുബൂവത്ത്) ഉണ്ടായ മാസമാണ് റമദാൻ എന്നു വിശ്വസിക്കപ്പെടുന്നു. 'നിന്നെ സൃഷ്ടിച്ച നിന്റെ നാഥന്റെ നാമത്തിൽ നീ വായിക്കുക ' എന്ന ആഹ്വാനത്തോടെ വിശുദ്ധ ഗ്രന്ഥമായ ഖുറാൻ അവതരിച്ച മാസവും റമദാൻ തന്നെ. ഒരു ചന്ദ്രക്കല കണ്ടു തുടങ്ങുമ്പോൾ ആരംഭിക്കുന്ന റമദാൻ അടുത്ത ചന്ദ്രക്കല കാണുമ്പോൾ അവസാനിക്കും.

ഏറ്റവും അനുഗ്രഹീതവും പുണ്യം നിറഞ്ഞതും ഭയഭക്തി നിർഭരവും ആത്മീയ ഗുണപരതയുള്ളതുമായ മാസമാണ് റമദാൻ എന്നാണ് വിശ്വാസം. റമദാനെപ്പറ്റി ഖുറാനിൽ ഇങ്ങനെ പറയുന്നു.

'ജനങ്ങൾക്ക് മാർഗ്ഗദർശകമായിക്കൊണ്ടും നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ച് കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ഖുറാൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ. അതുകൊണ്ട് നിങ്ങളിൽ ആര് ആ മാസത്തിൽ സന്നിഹിതനാകുന്നുവോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാകുന്നു. പത്തു ദിനങ്ങൾ വീതമുള്ള മൂന്നു ഭാഗങ്ങളായി റമദാനെ തിരിച്ചിരിക്കുന്നു. ഇവ റഹ്മ (ദൈവകൃപ), മഗ്ഫിറ (പാപ മോചനം), നിജാദ് (നരകവിമുക്തി) എന്നിങ്ങനെ അറിയപ്പെടുന്നു. അവസാനത്തെ പത്തിലെ ഒറ്റയായ രാവുകൾ ഏറ്റവും പുണ്യകരമായി പരിഗണിക്കപ്പെടുന്നു. ഇതിലുള്ള ഏറ്റവും പവിത്രമായ രാവാണ് ഖുറാൻ അവതരിച്ച ലൈത്തുൽ ഖദ്ർ.

**റമദാൻ കാലവും പെരുന്നാൾ ദിനവും**

ക്രിസ്മസ് പോലെ എല്ലാ വർഷവും ഒരേ തീയതിയിലല്ല ചെറിയ പെരുന്നാൾ അഥവാ ഈദുൽഫിതർ ആഘോഷിക്കപ്പെടുന്നത്. ഓരോ വർഷവും റമദാൻ കാലം മാറി വരുന്നത് കാണാം. ഗ്രിഗോറിയൻ കലണ്ടറിൽ ഉള്ളതിനേക്കാൾ 11 ദിവസം കുറവാണ് ഹിജ്റ കലണ്ടറിലേത് എന്നതാണ് ഇതിന് കാരണം. റമദാൻ ചന്ദ്രമാസമായതിനാൽ ഓരോ വർഷവും 11 ദിവസം മുന്നോട്ട് വരുന്നു. അതിനാൽ വിവിധ വർഷങ്ങളിൽ വ്യത്യസ്തമായ കാലാവസ്ഥയുള്ള ഋതുക്കളിൽ നോമ്പ് കാലം ആഗതമാകുന്നു.

**റമദാനിലെ അനുഷ്ഠാനങ്ങളും പ്രതികങ്ങളും**

1. വ്രതം

റമദാൻ മാസത്തിലാണ് ഇസ്ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ നാലാമത്തേതായ വ്രതാനുഷ്ഠാനം അഥവാ നോമ്പു നോൽക്കൽ നടത്തുന്നത്. റംസാൻ പിറ വെളിവാകുന്നതിനെ അടിസ്ഥാനമാക്കിയാണ് വ്രതം ആരംഭിക്കുന്നത്. പകൽ സമയത്ത് അന്നപാനീയങ്ങളും മൈഥുനാദി വൈകാരിക ആസ്വാദനങ്ങളും ഉപേക്ഷിച്ചുകൊണ്ട് രാത്രി കാലങ്ങളിൽ പ്രാർഥനയിലും ആരാധനയിലും മുഴുകി ഒരു മാസം മുഴുവനായി വിശ്വാസികൾ വ്രതമനുഷ്ഠിക്കുന്നു. അനാവശ്യമായ വാക്കും പ്രവൃത്തികളും തർക്കങ്ങളും ഒഴിവാക്കുന്നത് നോമ്പിന്റെ ഭാഗമാണ്. റമദാൻ നോമ്പ് പുലർച്ചെ ആരംഭിക്കുകയും സൂര്യാസ്തമയം വരെ തുടരുകയും ചെയ്യുന്നു. നോമ്പിന് മുമ്പുള്ള പ്രഭാത ഭക്ഷണത്തെ 'സുഹുർ' എന്നും സൂര്യാസ്തമയ സമയത്തെ നോമ്പു മുറിക്കുന്ന ഭക്ഷണത്തെ 'ഇഫ്താർ' എന്നും വിളിക്കുന്നു.

ഒരു മാസത്തെ വ്രതം വരാനിരിക്കുന്ന പതിനൊന്ന് മാസത്തേക്കുള്ള ധാർമ്മികവും ആത്മീയവുമായ ഊർജ്ജം കൈവരിക്കുന്ന തിന് വിശ്വാസികളെ പ്രാപ്തരാക്കുന്നു എന്നാണ് സങ്കൽപ്പം. കഴിഞ്ഞകാലത്ത് വന്നു പോയ വീഴ്ചകളും തെറ്റുകളും പരിഹരിച്ച് പുതിയ മനുഷ്യനായി മാറാൻ വ്രതാനുഷ്ഠാനം ഒരാളെ സജ്ജമാക്കുന്നു.

ഭൗതികതയുടെ സൗകര്യങ്ങളിൽ രമിച്ച് ധാർമ്മിക മൂല്യങ്ങളും ദൈവ കൽപ്പനകളും മറന്നുപോകാനിടയുള്ള മനുഷ്യനെ വിശപ്പും ദാഹവും അനുഭവിപ്പിച്ച് കൊണ്ട് പൈശാചിക പ്രേരണകളുടെ വഴികൾ അടച്ച് തന്റെ സഹജീവികളുമായി അടുക്കാനും ഉള്ളത് അവരുമായി പങ്കുവെക്കാനും പരിശീലിപ്പിക്കുകയാണ് റമദാൻ വ്രതത്തിന്റെ ഉദ്ദേശ്യം.

ആരോഗ്യവും ബുദ്ധിസ്ഥിരതയുമുള്ള പ്രായപൂർത്തിയായ മുസ്ലിങ്ങൾ നിർബന്ധമായും റംസാൻ വ്രതമെടുക്കണം. എന്നാൽ രോഗികൾ,കുട്ടികൾ,ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, മാനസിക അസ്വാസ്ഥ്യമുള്ളവർ എന്നിവരെ വ്രതാനുഷ്ഠാനത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

**2. നോമ്പുതുറ**

മഗ്രിബ് ബാങ്കോടെയാണ് ഒരു ദിവസത്തെ വ്രതം അവസാനിപ്പിക്കുന്നത്. ഈന്തപ്പഴമോ വെള്ളമോ ഉപയോഗിച്ചാണ് വ്രതം അവസാനിപ്പിക്കുന്നത്. റമദാനിൽ മറ്റുള്ളവരെ നോമ്പു തുറപ്പിക്കുന്നതും സംഘടിതമായി നോമ്പു തുറക്കുന്നതും പുണ്യകരമായി പരിഗണിക്കപ്പെടുന്നു.

**3. റംസാൻ വിളക്ക്**

10-12 നൂറ്റാണ്ടുകളിൽ ഈജിപ്ത് ഭരിച്ച ഫാത്തിമിസ് രാജവംശത്തിന്റെ കാലത്താണ് വിശുദ്ധമാസത്തിന്റെ പ്രതീകമായി റംസാൻ വിളക്കു കത്തിക്കുന്ന പതിവ് തുടങ്ങിയത്. 'ഫാനൂസ് ' എന്ന പേരിലാണ് ഈ വിളക്കുകൾ അറിയപ്പെട്ടത്. റംസാൻ നൽകുന്ന ആത്മീയ വെളിച്ചത്തിന്റെയും അനുഗ്രഹങ്ങളുടെയും പ്രതീകമായി ഫാനൂസുകൾ പല ലോകരാജ്യങ്ങളിലും ഇക്കാലത്തും കത്തിക്കുന്നു.

**5. റംസാൻ ഡ്രമ്മും കാഹളവും**

ഓട്ടോമാൻ കാലഘട്ടത്തിൽ അത്താഴത്തിന് വിശ്വാസികളെ ഉണർത്താൻ പറകൾ (Drums) കൊട്ടുന്ന പതിവുണ്ടായിരുന്നു. മൊറൊക്കൊ പോലുള്ള രാജ്യങ്ങളിൽ പ്രത്യേക വേഷം ധരിച്ച് ഇത് ചെയ്യുന്നത് 'നഫർ' എന്നറിയപ്പെടുന്ന പ്രത്യേകം നിയോഗിക്കപ്പെട്ട പറ കൊട്ടുകാരാണ് (Drummers). ഡ്രം അടിക്കുന്നതു കൂടാതെ കാഹളം മുഴക്കുന്ന രീതിയുമുണ്ട്.

**6. ലൈലത്തുൽ ഖദ്ർ**

ഇസ്ലാമിക വിശ്വാസ പ്രകാരം ഖുറാൻ അവതരിപ്പിക്കപ്പെട്ട റമദാൻ മാസത്തിലെ രാത്രിയാണ് ലൈലത്തുൽ ഖദ്ർ. വിധിനിർണ്ണയത്തിന്റെ രാത്രി എന്നാണ് ഈ അറബി വാക്കിന്റെ അർഥം. ഈ രാത്രിയിൽ ചെയ്യുന്ന പുണ്യ പ്രവൃത്തികൾ ആയിരം മാസങ്ങൾ കൊണ്ട് ചെയ്യുന്ന പ്രവൃത്തിയേക്കാൾ ഉത്തമമാണെന്ന് ഖുറാൻ പറയുന്നു. വിധി നിർണ്ണയ രാവ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അടുത്ത വർഷം വരെ മനുഷ്യനുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അല്ലാഹു നിർണ്ണായക തീരുമാനം എടുക്കുന്ന രാവ് എന്നാണ്.

**7. തറാവീഹ് നമസ്കാരം**

റമദാൻ മാസത്തിൽ ഇശാ നിസ്കാരം കഴിഞ്ഞ് മുസ്ലിങ്ങൾ നടത്തിവരുന്ന ഒരു ഐച്ഛിക നമസ്കാരമാണ് തറാവീഹ്. ദീർഘമായി ഖുറാൻ പാരായണം ചെയ്തും രാത്രി ധാരാളം സമയമെടുത്തുമാണ് തറാവീഹ് നമസ്കാരം നിർവഹിക്കുന്നത്.

**8. ഇതികാഫ്**

പള്ളികളിൽ അധിവസിക്കുന്നതിനെയാണ് ഇതികാഫ് എന്നു പറയുന്നത്. റമദാൻ

മാസത്തിലെ അവസാന പത്ത് ദിവസങ്ങളിൽ ഇതികാഫ് അനുഷ്ഠിക്കുന്നത് പുണ്യമായി കണക്കാക്കപ്പെടുന്നു.

**9. ഉംറ നിർവ്വഹണം**

സന്ദർശനം എന്നാണ് ഉംറ എന്ന വാക്കിന്റെ അർത്ഥം. പുണ്യനഗരമായ മക്കയിലെ മസ്ജിദുൽ ഹറാമിൽ വച്ച് രണ്ടോ മൂന്നോ മണിക്കൂറിൽ ചെയ്യുന്ന കർമ്മമാണിത്. പ്രത്യേകവസ്ത്രം ധരിച്ച് മക്കയിലെ 'കഅബ' ദേവാലയത്തിനു ചുറ്റും ഏഴ് പ്രാവശ്യം പ്രദക്ഷിണം ചെയ്ത് സഫാ-മാർവ്വ മലകൾക്കിടയിൽ ഏഴ് പ്രാവശ്യം നടന്നതിന് ശേഷം മുടി മുറിക്കുകയോ മുണ്ഡനം ചെയ്യുകയോ ചെയ്യുന്നു. മുസ്ലിങ്ങൾക്ക് ഹജ്ജ് പോലെ തന്നെ ജീവിതത്തിൽ ഒരു തവണ നിർബന്ധമുള്ള കാര്യമാണ് മക്കയിൽ ചെന്നുള്ള ഉംറ ചെയ്യൽ. ഇത് റമദാൻ മാസത്തിൽ നിർവഹിക്കുന്നത് പ്രത്യേകം പുണ്യമുള്ളതായി കണക്കാക്കുന്നു.

**10. ഫിത്ർ സക്കാത്ത്**

റമദാൻ നോമ്പ് അവസാനിക്കുന്നതോടെ നിർബന്ധമായിത്തീരുന്ന ദാനധർമ്മമാണ് ഫിത്ർ സക്കാത്ത്. പെരുന്നാൾ ദിനത്തിൽ ആരും തന്നെ പട്ടിണി കിടക്കരുതെന്നും അന്നേ ദിവസം എല്ലാവരും സുഭിക്ഷമായി ഭക്ഷണം കഴിക്കണമെന്നതുമാണ് ഫിത്ർ സക്കാത്തിന്റെ ഉദ്ദേശ്യലക്ഷ്യം.

ഒരാൾ സമ്പാദിച്ചതിൽ അഗതികൾക്കും അശരണർക്കും അവകാശമുണ്ടെന്ന ഇസ്ലാമിന്റെ കാഴ്ചപ്പാടാണ് സക്കാത്ത് എന്ന ദാനധർമ്മത്തിലൂടെ നിർവഹിക്കപ്പെടുന്നത്.

**11. ഈദുൽ ഫിതർ**

റമദാൻ വ്രതാനുഷ്ഠാനത്തിന്റെ പരിസമാപ്തി കുറിച്ചുകൊണ്ട് മുസ്ലിങ്ങൾ ആഘോഷിക്കുന്നതാണ് ഈദുൽ ഫിതർ അഥവാ ചെറിയ പെരുന്നാൾ. ഹിജ്റ വർഷം ശവ്വാൽ മാസത്തിലെ ആദ്യ ദിവസമാണ് ഇത് ആഘോഷിക്കുന്നത്. അറബി ഭാഷയിൽ 'ഈദ്' എന്ന പദത്തിന് ആഘോഷം എന്നും 'ഫിതർ' എന്ന പദത്തിന് നോമ്പുതുറക്കൽ എന്നുമാണ് അർഥം. അതായത് റമദാൻ മാസത്തിലുടനീളം ആചരിച്ച നോമ്പിന്റെ പൂർത്തീകരണത്തിനൊടുവിലുള്ള നോമ്പുതുറ എന്നതാണ് ഈദുൽ ഫിതർ പ്രതിനിധാനം ചെയ്യുന്നത്.

**പെരുന്നാൾ പിറയുടെ ഗാനം**

ഏകദേശം ഒരു മാസത്തെ വ്രതത്തിനു ശേഷം പെരുന്നാളിന്റെ തലേ ദിവസം ചന്ദ്രനെ കാണുന്നത് ഇസ്‌ലാം മതവിശ്വാസികളെ സംബന്ധിച്ച് ആകാംക്ഷാഭരിതമായ കാര്യമാണ്. ഇത് പെരുന്നാൾ പിറ, റംസാൻ പിറ എന്നീ പേരുകളാൽ വിശേഷിപ്പിക്കപ്പെടുന്നു

പെരുനാൾപിറ കണ്ട അനുഭവവും സന്തോഷവും നാട്ടിൻപുറത്തെ സാധാരണക്കാരായ മുസ്ലീം കുടുംബത്തിലെ അംഗങ്ങൾ പങ്കുവെക്കുന്ന അവസരത്തെ വർണിക്കുന്ന ഒരു ഗാനമുണ്ട്

*കണ്ടം ബെച്ച കോട്ടിട്ട മാനത്ത്*
*കമ്പിളിരോമത്തൊപ്പി വച്ച മാനത്ത്*
*പടച്ചോന്റെ സ്വർണം കെട്ടിയ ചിരി പോലെ*
*പടിഞ്ഞാറ് ഞങ്ങളിന്ന് പൊറകണ്ട്*
*പെരുന്നാളിനുദിക്കണ പൊറ കണ്ട്*




1974 ൽ പുറത്തിറങ്ങിയ 'മാനിഷാദ' എന്ന ചിത്രത്തിന് വേണ്ടി. വയലാർ രചിച്ച് ദേവരാജൻ മാസ്റ്റർ ഈണം നൽകി ജയചന്ദ്രൻ, ബി. വസന്ത, ലത എന്നിവർ പാടിയതാണ് ഈ ഗാനം. നാട്ടിൻപുറത്തെ സാധാരണക്കാരുടെ



മാപ്പിള ശൈലീ ഉച്ചാരണ പദങ്ങളും ഹാസ്യാത്മക ഉപമകളും ഉപയോ ഗിച്ച് വയലാർ ഗാനത്തെ സന്ദർഭോചിതമാക്കി യിട്ടുണ്ട്. നീ എന്നർഥമുള്ള 'ജ്ജ്', 'പൊറ' (പിറ), 'പടച്ചോൻ' (ദൈവം), 'ഉറുമാൽ' (തൂവാല), 'മിറ്റം' (മുറ്റം), 'റബ്ബേ ഇപ്പക്കണ്ട് / അള്ളോ ഇപ്പക്കണ്ട് (ദൈവേ ഇപ്പോൾ കണ്ടു) എന്നിങ്ങനെയുള്ള വാമൊഴി വാക്കുകൾ ഗാന ത്തെ ഗ്രാമീണത്തനിമയുള്ളതാക്കുന്നു.

മാനത്തെ നേർത്ത ചന്ദ്രക്കലയെ പടച്ചോ ന്റെ സ്വർണം കെട്ടിയ ചിരിയായും (സ്വർണ്ണം കെട്ടിയ പല്ലുകളോടെ ദൈവം ചിരിക്കുന്നതു പോലെ) ഇളകിനീങ്ങുന്ന മഴക്കാറിനെ മൊല്ലാക്കയുടെ വിറയ്ക്കുന്ന താടി മീശയായും മാനത്തെ മിനുങ്ങുന്ന നക്ഷത്രത്തെ ചിട്ടിക്കാ രൻ പോക്കറ് വെക്കുന്ന മിന്നുന്ന കണ്ണടയായും ഉള്ള ഉപമകൾ രസകരമാണ്.

മാപ്പിളപ്പാട്ടിന്റെ അടിസ്ഥാന ഈണരൂപ ത്തിൽ ശാസ്ത്രീയ രാഗം കൂട്ടിച്ചേർത്തു കൊണ്ടാണ് ദേവരാജൻ മാസ്റ്റർ ഗാനത്തിന്റെ ഈണം ചിട്ടപ്പെടുത്തിയത്. രാഗ പ്രയോഗ ത്തോടൊപ്പം വാക്കുകളുടെയും വരികളു ടെയും അർഥവും സാഹചര്യവും അറിഞ്ഞു നൽകിയ മാപ്പിളപ്പാട്ടിന്റെ നൈസർഗികതയും ലാളിത്യവുമുള്ള ഈണവും (Tune) വാദ്യ വൃന്ദവും (0rchestra) മികച്ച ആലാപന വും ഗാനത്തെ സന്ദർഭോചിതവും മനോഹരവു മാക്കിയിരിക്കുന്നു.

**റംസാനിലെ ചന്ദ്രിക**

1975 ൽ പുറത്തിറങ്ങിയ 'ആലിബാബയും 41 കള്ളൻമാരും' എന്ന ചിത്രത്തിൽ വയലാർ രചനയിൽ ദേവരാജ സംഗീതത്തിൽ ജയചന്ദ്രൻ ആലപിച്ച മനോഹര ഗാനമാണ്

*റംസാനിലെ ചന്ദ്രികയോ*
*രജനീഗന്ധിയോ*
*അറബിപ്പെൺകൊടി അഴകിൻ പൂമ്പൊടി*
*ആരു നീ ആരു നീ ആരു നീ,,,,,,,,*

ആദ്യ വരിയിൽ റംസാനും ചന്ദ്രികയും നിറയുന്നുണ്ടെങ്കിലും അടിസ്ഥാനപരമായി ഒരു പ്രണയഗാന മാണിത്. പ്രണയത്തിന്റെ ഭാവം തുടിക്കുന്ന മനോഹര വരികളാണ് ഗാനത്തിന്റേത്.'ആയിരത്തൊന്ന് രാവു കൾ'എന്ന വിശ്വവിഖ്യാതമായ കഥാ പരമ്പ രയിലെ ആലിബാബയുടെ കഥ പ്രമേയമായ ചലച്ചിത്രത്തിലെ ഏറ്റവും പ്രശസ്ത മായ ഈ




ഗാനം അറേബ്യൻ സംഗീതശൈലിയും കർണ്ണാടക സംഗീതവും സമന്വയിച്ച ഒരു ആസ്വാദനാനുഭവമാണ് ശ്രോതാവിന് നൽകുന്നത്.

മറ്റു സംഗീത ശൈലികളിൽ നിന്നും വേറിട്ടു നിൽക്കുന്നതാണ് അറബി സംഗീതം. ആലാപനത്തിലും വാദ്യ പ്രയോഗത്തിലും അനുസ്വരങ്ങൾ *(Overtones)* ധാരാളം ഇതിൽ ഉപയോഗിക്കുന്നു.

റംസാനിലെ ചന്ദ്രികയോ എന്ന ഗാന ത്തിന്റെ പശ്ചാത്തല സംഗീതത്തിന് അറേ ബ്യൻ വാദ്യ പ്രയോഗ ശൈലിയും വരികളിൽ മോഹനരാഗവുമാണ് ഉപയോഗിച്ചിരിക്കുന്നത്. അത്യന്തം ഭാവാത്മകമായ ഗാനം മനോഹര മായാണ് ജയചന്ദ്രൻ ആലപിച്ചിരിക്കുന്നത് .

*അവലംബം*

1. വിക്കിപീഡിയ - റമദാൻ, ഹിജ്റ കലണ്ടർ
2. മുസിരിസ് പോസ്റ്റ് വെബ് സൈറ്റ് - റംസാൻ വിളക്കും കാഹളം മുഴക്കലും
3. അബ്ദുറഹീം സി .ടി .& ബഷീർ എം എം - ഖുർആൻ പരിചയം - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം
4. ദേവരാജൻ.ജി - ദേവഗീതികൾ - ഓതന്റിക് ബുക്സ് തിരുവനന്തപുരം

# കോവിഡ് കാലവും കാലി കുപ്പികളും



*Er* **ഹർഷകുമാരി**
*അസിസ്റ്റന്റ് എൻജിനീയർ*

ഉപയോഗശൂന്യമായി ഉപേക്ഷിക്കുന്ന കുപ്പികളെ മനോഹര കലാസൃഷ്ടികൾ ആക്കി മാറ്റുന്നതിനുള്ള ഒരു പ്രചോദനം എനിക്ക് ലഭിച്ചത് സോഷ്യൽ മീഡിയയിൽ ലോക് ഡൗൺ കാലത്ത് വ്യാപകമായി പ്രചരിച്ചു വരുന്ന ബോട്ടിൽ ആർട്ട് വീഡിയോകളും വാർത്തകളും ആണ്.

2020 മാർച്ച് മാസം ലോകമെമ്പാടും കോവിഡ് 19 സൃഷ്ടിച്ച ഭീതിയിൽ കഴിയുന്ന സമയം. എപ്പോൾ വേണമെങ്കിലും മരിച്ചു പോകും. അതുമല്ലെങ്കിൽ വേണ്ടപ്പെട്ടവരെ നഷ്ടമാകും. ലോകമെമ്പാടും ഒരു ഭയപ്പാടോടെ സ്വന്തം വീടുകളിൽ ഒതുങ്ങി കൂടിയ കാലം. സമൂഹത്തിൽ അവശ്യസർവീസ്കൾ മാത്രം പരിപാലിക്കുന്ന front line വർക്കേഴ്സ് വിഭാഗത്തിൽ ജോലി ചെയ്യുന്ന KSEBL അസിസ്റ്റന്റ് എഞ്ചിനീയർ ആയ എനിക്കു സമൂഹത്തിൽ ഇറങ്ങി പൊതുജനങ്ങളുമായി ഇടപെട്ടു ജോലി ചെയ്യേണ്ടി വരുന്ന അവസ്ഥ. ഏതെങ്കിലും കാരണവശാൽ കോവിഡ് പിടിപെട്ടാൽ വീട്ടിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെടുത്തുന്ന അവസ്ഥ. പൊതുജനങ്ങളുമായും സഹപ്രവർത്തകരുമായി ഒരു മാസ്കിന്റെയും സാനിറ്റൈസറിന്റെയും സഹായത്തോടെ ഇടപെടേണ്ടിവരുക. ഡ്യൂട്ടി കഴിഞ്ഞ് തിരിച്ചു വീട്ടിലേക്ക് വരുമ്പോൾ പ്രായമായ അച്ഛനമ്മമാരും കുട്ടികളും തികച്ചും മാനസികമായി തകർന്ന ഘട്ടത്തിലൂടെ കടന്നു പോകുമ്പോൾ യാദൃശ്ചികമായി ഞാൻപോലും അറിയാതെ എന്നിലെ കലാവാസന ഉപയോഗ ശൂന്യമായ കുപ്പിയിലൂടെ സമൂഹ മാധ്യമത്തിലൂടെ ജനങ്ങൾക്കു മുന്നിൽ എത്തിക്കുവാൻ കഴിഞ്ഞതിൽ വളരെയധികം സന്തോഷം തോന്നിയ നിമിഷങ്ങൾ ആയിരുന്നു അത്.

ആദ്യമാദ്യം ചെറിയ മരങ്ങളും പൂക്കളും ഒക്കെ ഉപയോഗശൂന്യമായ കുപ്പിയെ മനോഹരമാക്കാൻ കഴിഞ്ഞു. പിന്നെ ഡ്യൂട്ടി കഴിഞ്ഞ് രാത്രികാലങ്ങളിലും അവധി ദിവസങ്ങളിലും bottle ആർട്ട് ഒരു ഹരമായി മാറി. പലപ്പോഴും വളരെ വൈകിയാണ് ഉറങ്ങാറ്. ഒരു കുപ്പിയിൽ പെയിന്റിംഗ് തുടങ്ങിയാൽ അതു പൂർത്തിയാക്കുന്നതുവരെ ഉണർന്നിരിക്കും. ജീവിതത്തിൽ ചെറിയ രീതിയിൽ സ്കൂളിൽ പഠിക്കുന്ന സമയത്ത് പടം വരയ്ക്കുമായിരുന്നു. പിന്നീട് അതിൽ ശ്രദ്ധിച്ചിട്ടുണ്ടായിരുന്നില്ല. യൂട്യൂബിലെ ക്യാൻവാസ് പെയിന്റിംഗ് പരിശീലന വീഡിയോകൾ ലോക്ക് ഡൗൺ സമയത്ത് വഴി കാട്ടിയായി.

എനിക്കു ഏറ്റവും കൂടുതൽ ഇഷ്ടം തോന്നിയത് യൂട്യൂബിലെ ക്യാൻവാസ് പെയിന്റിങ്. വീഡി യോകൾ ശ്രദ്ധയോടെ കൂടി കണ്ടു അത്തരത്തിൽ ക്യാൻ വാസിൽ അവർ സൃഷ്ടിക്കുന്ന കലാരൂപങ്ങൾ ഒഴിഞ്ഞ കുപ്പിയിൽ വരച്ചാലോ എന്ന് ആലോചനയായി. അതുമായി ബന്ധപ്പെട്ട പല ബോട്ടിൽ വർക്കുകളും ഞാൻ യൂട്യൂബിൽ കണ്ടു. അതും

ഒരു പ്രേരണയായി. അങ്ങനെ വീഡിയോ നോക്കി കാലി കുപ്പിയിൽ നടത്തിയ പരീക്ഷണങ്ങൾക്ക് ലഭിച്ച മികച്ച അഭിപ്രായം; കൂടാതെ വീട്ടുകാരുടെയും ബന്ധു ക്കളുടെയും പ്രോത്സാഹനം എന്റെ ആത്മ വിശ്വാസം കൂട്ടി. കേരളീയ കലാരൂപങ്ങളും പ്രകൃതിദൃശ്യങ്ങളും എല്ലാം എന്റെ കുപ്പികളിൽ ഫാബ്രിക് അക്രി ലിക് പെയിന്റുകൾ ഉപയോഗിച്ച് സൃഷ്ടിക്കു വാൻ കഴിഞ്ഞു.

ഒഴിഞ്ഞ കുപ്പിയിലെ കലാവിരുത് സോഷ്യൽ മീഡിയയിലൂടെ ഞാൻ എന്റെ ഫ്രണ്ട്സിനും ബന്ധുക്കൾക്കും ഷെയർ ചെയ്യുമായിരുന്നു. ഇത്തരത്തിലുള്ള വിനോദം എന്റെ മനസ്സിൽ എന്തെന്നില്ലാത്ത സന്തോ ഷവും പുനർ ജീവനും നൽകിയിരുന്നു. എന്റെ പെയിന്റിംഗ് ഇഷ്ടമായ കൈരളി ടിവി ചാനൽ വീട്ടിൽ വന്നു കുപ്പിയിലെ കരവിരുത് പകർത്തുകയും സമൂഹമാധ്യമത്തിലൂടെ ലോക് ഡൗൺ കാലത്തെ കരവിരുത് എന്ന തലക്കെ ട്ടോടെ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുകയും ചെയ്തു. ശരിക്കും പറഞ്ഞാൽ അത് ജീവിത ത്തിലെ ഒരു സുപ്രധാന നിമിഷമായി മാറി. ജീവിതത്തിൽ ചിലപ്പോഴൊക്കെ ഒരിക്കലും പ്രതീക്ഷിക്കാത്ത നിമിഷങ്ങൾ പലരുടെയും ജീവിതത്തിൽ വരുന്നത് പറഞ്ഞു കേട്ടിട്ടേ യുള്ളൂ. എന്റെ ജീവിതത്തിൽ അങ്ങനെ ഒരു നിമിഷം വന്നു ചേർന്നു. ലോക്ഡൗൺ സമയം ആയതിനാൽ സൂപ്പർമാർക്കറ്റുകൾ മാത്രം തുറക്കും. എങ്കിലും അതിനും ഒരു സമയക്രമം ഉണ്ടായിരുന്നു. അതുപോലെ acrilic പെയിന്റിനും ലഭ്യത കുറവ് നല്ല തോതിൽ ഉണ്ടായിരുന്നു. പെയിന്റിനായി പല കട കളിലും അലയേണ്ടി വന്നിട്ടുണ്ട്. പെയിന്റ് കിട്ടുമ്പോൾ വലിയ സന്തോഷമാണ്. ഓഫീസിൽ പോകുന്ന വഴിക്ക് ഒഴിഞ്ഞ കുപ്പികൾ റോഡരികിൽ കാണുമ്പോൾ അതു പെറുക്കി എടുക്കാൻ എന്തെന്നില്ലാത്ത ആവേശം ആയിരുന്നു. രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ യൂട്യൂബിൽ നോക്കും അടുത്ത ദിവസം വരയ്ക്കേണ്ട പെയിന്റിംഗ്. അത്രമേൽ മനസിന് ആനന്ദവും ഉന്മേഷവും നൽകിയ ദിനങ്ങൾ ആയിരുന്നു. ഭയത്തോടെ ഓരോ ദിവസത്തെയും നോക്കി നിന്നിരുന്ന എന്റെ മനസ്സിൽ bottle പെയിന്റിംഗ് പ്രതീക്ഷയുടെ യും പുതുജീവനത്തിന്റെയും കണികയായി



മാറി. അതുകൊണ്ടാവും കോവിഡ് കാലം ഉടനീളം ജോലിക്ക് പോവുകയും പൊതുജന ങ്ങളുമായി നേരിട്ട് സമ്പർക്കം പുലർത്തിയിട്ടും അശുഭകരമായ ഒന്നുപോലും ജീവിതത്തിൽ ഉണ്ടാകാതെ മുന്നോട്ടു പോകാൻ കഴിഞ്ഞത്.

# Energy Briefs 4



***Er Subha T.G.***
*Assistant Engineer*

## India emerges as global leader in electric three-wheeler market, surpasses China

"India overtook China in 2023 to become the biggest market for electric 3Ws, with over 580,000 sales," the IEA stated, reflecting India's rapid adoption of electric vehicles in response to increasing domestic demand and supportive government policies. This development highlights India's growing influence in the global electric vehicle (EV) market, which continues to expand despite economic challenges. According to the IEA, global electric car sales are projected to reach about million in 2024, capturing more than a fifth of the total car market share.

The IEA report also points to significant investments and policy support,like India's Production Linked Incentives (PLI) Scheme, which have been crucial in boosting domestic manufacturing capacities and adoption rates.

As India continues to lead in electric three-wheeler sales, the focus on sustainable transportation solutions appears set to reshape the future landscape of the global automotive market.



*Courtesy: The Economic Times*

## Higher generation capacity, gas-based plants to help meet India's high summer power demand: Fitch

Fitch Ratings expects India's power demand to rise by 7-8 per cent year-on-year n second quarter of 2024 due to robust industrial activity, strong GDP growth and the Indian Meteorological Department's (IMD) forecast of above-normal temperatures during the summer months.

However, the rating agency believes much of this demand will be met through larger operating capacities, adequate coal inventory, and higher utilization of gas-based plants.

India's monthly power demand typically peaks in the pre-and post-monsoon months of May or August, as cooling demand picks up with the temperature rise. IMD has predicted higher-than-normal maximum temperatures over most parts of of the country till June 2024, further increasing demand.

On the supply side, the Indian Ministry of Power has directed both gas-based and and imported-coal-based power stations to maintain availability to meet the anticipated demand. India has experienced strong growth in power demand, averaging 8.5 per cent a year over the last three years after the Covid-19 pandemic. It has met a large part of the increase through thermal power plants' higher plant load factors (PLFs), which have jumped by around 10 per cent to around 69.5 per cent over the last two years.



***Courtesy: The Economic Times***

# തായ്‌ലന്റ് ഒരു പൂക്കാലത്ത്



*Er **അനിൽകുമാർ ജി.***
*അസി. എക്സി. എൻജിനീയർ*

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എൻജിനീയേഴ്സ്അസോസിയേഷൻ (KSEBEA) എറണാകുളം യൂണിറ്റ് 2024 ഏപ്രിൽ 4 മുതൽ 9 വരെ അംഗങ്ങൾക്കായി ഒരു ഫാമിലി ടൂർ സംഘടിപ്പിച്ചു. ഈ വർഷം വാർഷിക ഫാമിലി ടൂറിനായി തിരഞ്ഞെടുത്ത ലക്ഷ്യസ്ഥാനം തായ്‌ലന്റ് എന്ന മോഹിപ്പിക്കുന്ന രാജ്യമാണ്. KSEBEAയുടെ ഏതെങ്കിലും യൂണിറ്റ് നടത്തുന്ന ആദ്യത്തെ അന്താരാഷ്ട്ര യാത്രയാണിതെന്നു കരുതുന്നു.അസോസിയേഷന്റെ ചരിത്രത്തിലെ അവിസ്മരണീയമായ നാഴികക്കല്ല് അടയാളപ്പെടുത്തി ശ്രദ്ധേയമായ മറ്റൊരു ചുവടുവെപ്പ് കൂടി എറണാകുളം യൂണിറ്റ് നടത്തി.

തായ്‌ലന്റിനെ ലക്ഷ്യസ്ഥാനമായി തിരഞ്ഞെടുത്തത് അംഗങ്ങൾക്ക് സാംസ്കാരികമായി ഊർജ്ജസ്വലവും ഉന്മേഷദായകവുമായ വ്യത്യസ്തമായ ഒരു അനുഭവം പ്രദാനം ചെയ്യു മെന്ന പ്രതീക്ഷയിലായിരുന്നു. സമ്പന്നമായ സാംസ്കാരിക പൈതൃകവും അതിശയി പ്പിക്കുന്ന പ്രകൃതിദൃശ്യങ്ങളും ഊഷ്മളമായ ആതിഥ്യമര്യാദയുമുള്ള തായ്‌ലന്റ്, മടുപ്പി ക്കുന്ന ദിനചര്യകളിൽ നിന്ന് ഇടവേള നൽകി ക്കൊണ്ട് അംഗങ്ങൾക്കിടയിൽ സൗഹൃദം വളർത്തുന്നതിനും ഉല്ലാസം പകരുന്നതിനും അനുയോജ്യമായ ഒരു പ്രദേശം തന്നെ. കൊച്ചുകുട്ടികൾ മുതൽ പ്രായമായവർ വരെയുള്ള വിവിധ പ്രായത്തിലുള്ള എല്ലാ വരെയും ഉൾക്കൊള്ളുന്നതും ഏവർക്കും ആസ്വാദ്യകരമാകുമെന്ന് കരുതിയാണ് ഇത്തരത്തിൽ ഒരു ടൂർ ആസൂത്രണം ചെയ്തത്.

തെക്കുകിഴക്കൻ ഏഷ്യയുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന തായ്‌ലന്റ് വൈവിധ്യമാർന്ന ഭൂപ്രകൃതിയുടെയും ചലനാത്മക രാഷ്ട്രീയ ചരിത്രത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന്റെയും നാടാണ്. ഇന്ത്യൻ മഹാസമുദ്രത്തിനും ദക്ഷിണ ചൈനാ കടലിനും ഇടയിലുള്ള ഒരു പാലമായി ഇത് പ്രവർത്തിക്കുന്നു. പടിഞ്ഞാറും വടക്കും മ്യാൻമറുമായി അതിർത്തി പങ്കിടുന്നു. വടക്കും കിഴക്കും ലാവോസും തെക്കുകിഴക്ക് കംബോഡിയയും തെക്ക് മലേഷ്യയും ഈ തന്ത്രപ്രധാനമായ സ്ഥാനം തായ്‌ലന്റിന്റെ ഭൂമിശാസ്ത്രപരവും രാഷ്ട്രീയവും സാംസ്കാരികവുമായ വികസനത്തെ സാരമായി സ്വാധീനിച്ചിട്ടുണ്ട്.




തായ്‌ലന്റിന്റെ ഭൂമിശാസ്ത്രം വൈവിധ്യങ്ങളാൽ സവിശേഷമാണ്. വടക്ക് പർവത പ്രദേശങ്ങൾ, വടക്കുകിഴക്ക് പീഠഭൂമികൾ, മധ്യ പ്രദേശങ്ങളിലെ ഫലഭൂയിഷ്ഠമായ സമതലങ്ങൾ, മലായ് ഉപദ്വീപുമായി കരയെ ബന്ധിപ്പി

ക്കുന്ന തെക്ക് ഇടുങ്ങിയ ഉഷ്ണ മേഖലാ ബീച്ചുകൾ എന്നിങ്ങനെ രാജ്യത്തെ നാല് പ്രധാന മേഖലകളായി തിരിച്ചിരിക്കുന്നു.

തായ്‌ലൻഡിന്റെ രാഷ്ട്രീയ ഭൂപ്രകൃതി ചലനാമത്മകവും സങ്കീർണ്ണവുമാണ്. രാജവാഴ്ച, സൈനിക സ്വാധീനം, ജനാധിപത്യത്തിന്റെ ക്ഷണികമായ നിമിഷങ്ങൾ എന്നിവയുടെ സമ്മിശ്രമാണ് ഇവിടത്തെ രാഷ്ട്രീയം. 21 -ാം നൂറ്റാണ്ടിൽ നടന്ന ഏറ്റവും പുതിയ സൈനിക അട്ടിമറിയുടെ ചരിത്രമുള്ള ഒരു ഭരണഘടനാപരമായ രാജവാഴ്ചയാണ് രാജ്യം. ഈ പ്രക്ഷോഭങ്ങൾക്കിടയിലും രാജവാഴ്ച ഒരു ബഹുമാനിക്കപ്പെടുന്ന സ്ഥാപനമായി തുടരുന്നു. രാജ്യത്തിന്റെ സ്വത്വത്തിലും ഐക്യത്തിലും രാജാവ് ഒരു പ്രധാന പ്രതീകാത്മക പങ്ക് വഹിക്കുന്നു. സൈനിക സിവിലിയൻ ഭരണകൂടങ്ങൾ മാറി മാറി അധികാരത്തിൽ വരുന്ന തായ്‌ലന്റിൽ സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങൾ, പ്രാദേശിക വിഭജനങ്ങൾ, ജനാധിപത്യത്തിനും നവീകരണത്തിനുമുള്ള പോരാട്ടം എന്നിവ സജീവമാണ്. ജനാധിപത്യപരമായ രാഷ്ട്രീയ പ്രക്രിയകളെ ഉൾക്കൊള്ളുന്നതും രാഷ്ട്രീയ സ്ഥിരതയിലേക്ക് നയിക്കുന്നതുമായ പ്രവർത്തനങ്ങൾ ഊർജിതമായി നടന്നുവരുന്നു.

തായ് സംസ്കാരം ഇന്ത്യ, ചൈന, കംബോഡിയ തെക്കുകിഴക്കൻ ഏഷ്യയിലെ തദ്ദേശീയ സംസ്കാരങ്ങൾ എന്നിവയിൽ നിന്നുള്ള സ്വാധീനങ്ങളുടെ ഒരു സങ്കലനമാണ്. കലയും വാസ്തുവിദ്യയും മുതൽ ഉത്സവങ്ങളും ദിനചര്യകളും വരെയുള്ള എല്ലാറ്റിനെയും സ്വാധീനിക്കുന്ന ബുദ്ധമതം തായ് ജീവിതത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. തായ് സംസ്കാരത്തിന്റെ സങ്കീർണ്ണമായ കരകൗശലമികവും ആത്മീയ പാരമ്പര്യവും പ്രകടിപ്പിക്കുന്ന നിരവധി ക്ഷേത്രങ്ങൾക്ക് (വാട്ട്) രാജ്യം പ്രശസ്തമാണ്. രാജ്യത്തിന്റെ സാംസ്ക്കാരിക സമൃദ്ധിയുടെ മറ്റൊരു പ്രകടനമാണ് തായ് പാചകരീതി. ഔഷധ സസ്യങ്ങളുടെയും സുഗന്ധദ്രവ്യങ്ങളുടെയും ഉപയോഗത്താൽ സവിശേഷമായ രുചി രീതികൾക്ക് പേരുകേട്ട




താണ് തായ് പാചക രീതി. രാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ വൈവിധ്യത്തോടൊപ്പം തായ് ഭക്ഷണവും പ്രാദേശികമായി വ്യത്യാസപ്പെടുന്നു. സിൽക്ക്, നെയ്ത്ത്, മൺപാത്രങ്ങൾ, മരംകൊത്തുപണികൾ എന്നിവയുൾപ്പെടെ പരമ്പരാഗത തായ് കലകളും കരകൗശല വസ്തുക്കളും ആധുനിക കലയ്ക്കും സിനിമയ്ക്കും ഒപ്പം അഭിവൃദ്ധി പ്രാപിക്കുന്നു. തായ്‌ലന്റിന്റെ സാംസ്കാരിക കലണ്ടർ ഉത്സവങ്ങളാൽ നിറഞ്ഞതാണ്. ഏറ്റവും പ്രസിദ്ധമായത് സ്രോങ്ക്രാൻ (തായ് ന്യൂ ഇയർ) ലോയ് ക്രാത്തോംഗ് എന്നിവയാണ്. ഇതിൽ സോങ്ങ്ക്രാൻ എന്നത് നമ്മുടെ സംക്രാന്തി തന്നെയാണ്. തായ്‌ലന്റിന്റെ സംസ്കാരം അതിന്റെ ദേശീയ ധാർമ്മികതയിലും പ്രകടനമാണ്. ചുരുക്കത്തിൽ, ഭൂമിശാസ്ത്രപരമായ വൈവിധ്യം അതിന്റെ സാംസ്കാരിക വസ്തുക്കളെ സമ്പന്നമാക്കുകയും രാഷ്ട്രീയ സങ്കീർണ്ണതകൾ അതിന്റെ ആധുനിക വ്യക്തിത്വത്തെ രൂപപ്പെടുത്തുകയും ചെയ്യുന്ന ഒരു രാജ്യമാണ് തായ്‌ലന്റ്. പാരമ്പര്യത്തിന്റെയും ആധുനികതയുടെയും സമന്വയം. ഭൂതകാലത്തോടുള്ള ആദരവ്, ഭാവിയെക്കുറിച്ചുള്ള അഭിലാഷം എന്നിവ തായ്‌ലന്റിനെ ഒരു മികച്ച വിനോദ സഞ്ചാര കേന്ദ്രമാക്കുന്നു.

നമ്മുടെ യാത്ര രാജ്യതലസ്ഥാനമായ ബാങ്കോക്കിലെക്കും മനോഹരമായ ബീച്ചുകൾക്കും ദ്വീപുകൾക്കും സമുദ്രജീവികൾക്കും പേരുകേട്ട തെക്കൻ പെനിൻസുലയിലെ

പട്ടായയിലേക്കുമായിരുന്നു.

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും ഏപ്രിൽ 4-ാം തീയതി രാത്രി 11.20 ന് പുറപ്പെട്ട എയർ ഏഷ്യയുടെ FD -171 എന്ന വിമാനത്തിലായിരുന്നു ബാങ്കോക്കിലേക്ക് പറന്നത്. മൂന്നു മണിക്കൂർകൊണ്ട് വിമാനം ബാങ്കോക്കിലെ ഡോൺ മ്യോന്ഗ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിച്ചേർന്നു.

ഇന്ത്യക്കാർക്ക് പ്രത്യേക വിസ ആവശ്യമില്ലായിരുന്നു. പാസ്പോർട്ടിൽ സ്റ്റാമ്പ് പതിപ്പിച്ച് വേഗം തന്നെ പുറത്തിറങ്ങിയ ഞങ്ങളെക്കാത്ത് 'മ്യാവു' എന്ന രസകരമായ വിളിപ്പേരുള്ള തായ് സുന്ദരി 42 സീറ്റുള്ള ഒരു ബസുമായി കാത്തുനിൽപ്പുണ്ടായിരുന്നു.

ബാങ്കോക്കിലെ സുവാൻലുവാങ്-ലെ ശ്രീനകരിൻ റോഡിൽ തന്നെയുള്ള സെയിൻ എന്ന ഹോട്ടൽ ആണ് രാവിലത്തെ പ്രഭാത കർമ്മങ്ങൾ നിർവഹിക്കാനായി ഏർപ്പെടുത്തിയിരുന്നത്; അവിടുന്ന് തന്നെ തായ് രീതിയിലുള്ള പ്രഭാത ഭക്ഷണവും. തിരക്കേറിയ മാർക്കറ്റുകൾ, അലങ്കരിച്ച ക്ഷേത്രങ്ങൾ എന്നിവ പിന്നിട്ട് തായ്‌ലന്റിലെ പ്രകൃതിരമണീയമായ മനോഹരമായ ഗ്രാമങ്ങൾ, ഗ്രാമീണ ജീവിതത്തിന്റെ നേർക്കാഴ്ചകൾ എന്നിവയെല്ലാം കണ്ട് മനോഹരമായ ഒരു 8 വരി പാതയിലൂടെയാണ് പൊയ്ക്കൊണ്ടിരുന്നത്.

രാജ്യത്തെ ആദ്യത്തെ ഇന്റർസിറ്റി മോട്ടോർവേ ആയ മോട്ടോർവേ റൂട്ട് 7AH റൂട്ട് 19, AH റൂട്ട് 123 എന്നിങ്ങനെ ഏഷ്യൻ ഹൈവേ നെറ്റ്‌വർക്കിന്റെ ഭാഗമായ ബാങ്കോക്ക് - ബാൻ ചാങ് മോട്ടോർവേ ബാങ്കോക്കിനെ ചോൻ ബുരി, പട്ടായ, മാപ് ടാ ഫുട്ട് എന്നിവിടങ്ങളുമായി ബന്ധിപ്പിക്കുന്നു. എട്ട് വരിപ്പാതകളുള്ള ഇന്റെർസിറ്റി - മോട്ടോർവേയാണിത്. സുവാൻ ലുവാങ് ജില്ലയിലെ ശ്രീ നഗരീന്ദ്ര ഇന്റെർ ചേഞ്ചിൽ സി റാറ്റ് എക്സ്പ്രസ് വേ സെക്ഷൻ ഡി. രാമ IX റോഡിൽ നിന്ന് തുടങ്ങുന്ന ഈ പാത കിഴക്കൻ തായ്‌ലന്റിലേക്ക് പോകുന്നതാണ്.



*മോട്ടോർവേ റൂട്ട് 7*




ഏകദേശം 12 മണിയോടുകൂടി ഞങ്ങൾ ടൈഗർ ടോപ്പിയ എന്ന കടുവ സങ്കേതത്തിൽ എത്തിച്ചേർന്നു. തായ്‌ലന്റിലെ ചോൻബുരി പ്രവിശ്യയിലെ കടൽത്തീര നഗരമായ പട്ടായയുടെ പ്രാന്തപ്രദേശത്തുള്ള ശ്രീ റാച്ചയിലെ ഒരു മൃഗശാലയാണ് ടൈഗർ ടോപ്പിയ. ബാങ്കോക്കിൽ നിന്ന് 110 കിലോമീറ്റർ അകലെയാണിത്. കടുവകളുടെയും മുതലകളുടെയും വലിയ ശേഖരം ഇവിടെയുണ്ട്. തായ്‌ലന്റിലെ ടൈഗർ ടോപ്പിയ ഒരു ആകർഷണം മാത്രമല്ല; അത് പഠിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന ഒരു ആഴത്തിലുള്ള അനുഭവമാണ്. കടുവയുടെ മഹത്വം അവയുടെ സംരക്ഷണത്തിന്റെ പ്രാധാന്യവും മനസ്സിലാക്കാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും ടൈഗർ ടോപ്പിയ ഒരു യാത്ര ഒഴിവാക്കാനാവാത്തതാണ്.

മലയാളത്തിലെ സൂപ്പർഹിറ്റ് സിനിമയായ പുലി മുരുകൻ എന്ന സിനിമയിൽ ചിത്രീകരണത്തിനായി കടുവകളെ നൽകിയത്





ടൈഗർ ടോപ്പിയ

ടൈഗർ ടോപ്പിയ പിന്നിട്ട് പുറത്തേക്ക് പോയത്.

അവിടെ നിന്നും യാത്ര തുടർന്നു, കുറച്ചു സമയംകൊണ്ട് തന്നെ വൈകിട്ട് 4 മണിക്ക് പട്ടായയിലെ താമസസ്ഥലമായ ഹോട്ടൽ അയ്യാര ഗ്രാണ്ടിൽ എത്തിച്ചേർന്നു. പട്ടായ യിലെ ഫ്രാതംനാക്ക് ഹിൽ ഭാഗത്ത് സൗകര്യ പ്രദമായി സ്ഥിതിചെയ്യുന്ന ഈ ഹോട്ടൽ SHA Plus നിലവാരമുള്ളതാണ്. (കൊറോണ വൈറസ് രോഗം 2019 (COVID 19) പടരുന്നത് തടയുന്നതിനുള്ള രാജ്യവ്യാപകമായ നടപടി കൾക്ക് അനുസൃതമായി അവരുടെ ഉൽപ്പന്നങ്ങ ൾക്കും സേവനങ്ങൾക്കും ശുചിത്വത്തിന്റെയും ആരോഗ്യ സുരക്ഷയുടെയും അടിസ്ഥാന മാന ദണ്ഡങ്ങൾ പാലിക്കുന്നതിന്റെ നിലവാരം). പട്ടായയിലെ നല്ല ഹോട്ടലുകളിൽ ഒന്നാണിത്. ലൊക്കേഷൻ നല്ലതും എളുപ്പത്തിൽ ആക്സസ് ചെയ്യാവുന്നതാണ്. സേവനങ്ങളും മികച്ചതായിരുന്നു. ജീവനക്കാർ പൊതുവേ സൗഹാർദ്ദവും മര്യാദയുള്ളവരുമാണ്. മുറികൾ വൃത്തിയും വെടിപ്പുമുള്ളതായിരുന്നു. Multi Cusine restaurant, free wifi, മിനിബാർ, സ്പാ, തായ് മസാജ്, റൂഫ് ടോപ്പ് സ്വിമ്മിംഗ് പൂൾ, ജിം അങ്ങനെ എല്ലാ സൗകര്യങ്ങളു മുള്ള ഹോട്ടലായിരുന്നു അയ്യാര ഗ്രാന്റ്.


ഹോട്ടലിലെത്തി ഒന്ന് ഫ്രഷ് ആയി വൈകിട്ട് ആറുമണിക്ക് തന്നെ അൽകാസർ ഷോ കാണാനായി പുറപ്പെട്ടു. പട്ടായയിൽ സായ് സോംഗ് റോഡിലെ ഗ്രാൻഡ് തിയേറ്ററിൽ നടക്കുന്ന അൽകാസർ ഷോ, അതിഗംഭീ രമായ വസ്ത്രങ്ങൾക്കും അത്യാധുനിക ലൈറ്റിംഗ് സൗണ്ട് സിസ്റ്റങ്ങൾക്കും പേരുകേട്ട സംഗീതം, നൃത്തം നാടക പ്രകടനങ്ങൾ എന്നിവയുടെ മിന്നുന്ന കാഴ്ചയാണ്. ഈ


തായ്‌ലന്റിലെ കാഞ്ചനബൂരിയിലുള്ള ടൈഗർ ടെമ്പിളാണ്. ഇത് ബാങ്കോക്കിൽ നിന്നും 160 കിലോമീറ്റർ വടക്ക് കിഴക്ക് മാറിയാണ് സ്ഥിതി ചെയ്യുന്നത്. ടൈഗർ ടോപ്പിയയിൽ നിരവധി കൂറ്റൻ കടുവകളെ പാർപ്പിച്ചിട്ടുണ്ട്. അതിലൊരു കൂറ്റൻ കടവയുമൊത്ത് ചിത്രമെടുക്കാൻ അവസരവും ലഭിച്ചു. ഒട്ടൊരു ഭീതിയോടെ യാണ് അതിനോടൊപ്പമിരുന്നത്. ഇത് കൂടാതെ കുട്ടിക്കടുവയെ മടിയിലെടുക്കാനും ചിലർക്ക് അവസരം ലഭിച്ചു. കടുവയെ ക്കൂടാതെ സിംഹം, മുതല, ആടുകൾ, മനോഹ രമായ ഉദ്യാനങ്ങൾ എന്നിവ ഇവിടെയുണ്ട്. കോവിഡിനുശേഷം പുനരുദ്ധാരണ പ്രവർ ത്തനങ്ങൾ മുഴുവനായും പൂർത്തീകരിച്ചിട്ടില്ല.

ടൈഗർ ടോപ്പിയയിൽ തന്നെയുള്ള റെസ്റ്റോറന്റിലാണ് ഇന്ത്യൻ രീതിയിലുള്ള ഉച്ചഭക്ഷണം ഒരുക്കിയിരുന്നത്. അവിടെ വച്ച് റെസ്റ്റോറന്റ് മാനേജർ തൊടുപുഴക്കാരൻ അലൻ എന്ന ചെറുപ്പക്കാരനെ കണ്ടു. ധാരാളം ഇന്ത്യക്കാർ തായ്‌ലന്റിൽ തൊഴിലെടുക്കു ന്നുണ്ട്. തായ്‌ലന്റിൽ ബിയറും മദ്യവും സുലഭ മായി ലഭിക്കും. അതിനു പ്രത്യേക നിയന്ത്രണ ങ്ങൾ ഒന്നും ഇല്ല. ചാംഗ്, സിംഹ, ലിയോ എന്നിവ അവിടെ കിട്ടുന്ന ചില നല്ല തായ് ബീയറുകളാണ്.

വന്യജീവി സംരക്ഷണത്തെ പിന്തുണക്കു ന്നതിനുള്ള പ്രതിബദ്ധത ഊട്ടിയുറപ്പിച്ചും, ഏഷ്യയിലെ കാടുകളിൽ കടുവകൾ വിഹരി ക്കുന്നത് തുടരുമെന്ന പ്രതീക്ഷയിലുമാണ്







ഷോയിൽ പരമ്പരാഗത തായ് നൃത്തങ്ങൾ മുതൽ ആഗോള പോപ്പ് ഐക്കണുകളുടെ ആകർഷകമായ ആൾമാറാട്ടങ്ങൾ വരെയുള്ള വൈവിധ്യമാർന്ന ആക്ടുകൾ ഉപയോഗിച്ച് പ്രേക്ഷകരെ ആകർഷിക്കുന്നു. ഓരോ പ്രകടനവും വർണ്ണത്തിന്റെയും സർഗ്ഗാത്മകതയുടെയും ഊർജ്ജസ്വലമായ പ്രദർശനമാണ്. ഇതെല്ലാം ചേർന്നാൽ അൽകാസർ ഷോയെ



വൈവിധ്യവും കലാപരമായ ആവിഷ്കാരവും ആഘോഷിക്കുന്ന സാംസ്കാരിക വിസ്മയമാക്കി മാറ്റുന്നു. പട്ടായയുടെ ഹൃദയഭാഗത്തു നടക്കുന്ന അൽകാസർ ഷോ എന്ന കാബറെ ഒരു അവിസ്മരണീയമായ വിനോദ സായാഹ്നമാണ് നമുക്ക് തന്നത്. ഇതിലെ ഏറ്റവും വലിയ അത്ഭുതം അതിസുന്ദരി മാരായി വന്നു നൃത്തം ചെയ്യുന്നത് ട്രാൻസ്ജെൻഡർ പെർഫോമർമാരായിരുന്നു എന്നുള്ളതാണ്.

അവിടുന്ന് നേരെ ഹോട്ടൽ സിട്രസ് ഗ്രാൻഡ് എന്ന റെസ്റ്റോറന്റിലേക്കാണ് ഡിന്നർ കഴിക്കാനായി പോയത്. ഇന്ത്യൻ രീതിയിലുള്ള ഭക്ഷണമാണ് ഒരുക്കിയിരുന്നത്. തിരികെഹോട്ടലിലെത്തി തായ്‌ലന്റിലെ ആദ്യത്തെ രാത്രി സുഖമായി ഉറങ്ങി.

ചില വിദ്വാന്മാർ ഈ സമയം വാക്കിംഗ് സ്ട്രീറ്റ് പര്യടനം, തായ് മസ്സാജ് എന്നിങ്ങനെ ആഘോഷം പൂർണ്ണതയിലെത്തിച്ചു എന്ന ചില കിംവദന്തികളും പ്രചരിക്കുന്നുണ്ട്.

*(തുടരും)*






Thailand Trip
SAFARI WORLD
REVOLUTION

KSEB ENGINEERS' ASSOCIATION
Hydel Bullet Monthly
RNI Reg. No. KERENG/2013/48628

Price ₹ 10
Postal Reg. No. KL/TV(N)/645/2022-2024
Date of Publication 30.04.2024




Edited, Printed & Published by Er Rajesh D.S., Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01, Ph:0471-2330696, Email: hydelbulletin@gmail.com, Web: ksebea.in at Bhagath Printers, Pattom, Trivandrum - 4 , Mob : 8138 91 81 91, bhagathprinters@gmail.com

For private circulation only